കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെങ്കള ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.എകെ.എസ്.എ/കെ.എസ്.ഡി.6/177/2020.


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 0499 4256690.

തീയതി: 18-03-2020.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് ,
(സെക്രട്ടറി മുഖേന)
ചെങ്കള ഗ്രാമ പഞ്ചായത്ത്.

വിഷയം – ചെങ്കള ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്കള ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-1, 3-2 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്.

നം കെ.എസ്.എ /കെ.എസ്.ഡി.6/177/2020. തീയ്യതി: 18.03.2020.

# കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

*****

കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-04-2018 മുതൽ 31-03-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2018മുതൽ 31-03-2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 22 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2 ഓഡിറ്റ് അന്വേഷണത്തിനു മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഉണ്ണി പി. കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28-1-2020 മുതൽ 04-02-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | (1) ലോകേശ ആചാരി ബി<br>(ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ് )<br>(2) വിനോദ് കുമാർ സി<br>( ഓഡിറ്റ് ഓഫീസർ)<br>(3) യാദവ കുമാർ സി എച്ച്<br>(അസി.ഓഡിറ്റ് ഓഫീസർ)<br>(4) രഘുനാഥൻ കെ<br>(അസി ഓഡിറ്റ് ഓഫീസർ)<br>(5) കെ സി കുഞ്ഞികൃഷ്ണൻ<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>(6) രമ്യ ടി (ഓഡിറ്റർ) |

**(ബി) നിർവ്വഹണാധികാരികൾ**

| പ്രസിഡന്റ് | പേര് | കാലാവധി | |
|---|---|---|---|
| | | മുതൽ | വരെ |
| | ഷാഹിന സലാം | 01-04-2018 | 31-03-2019 |
| സെക്രട്ടറി | കെ സുരേഷ് കുമാർ | 01-04-2018 | 13-04-2018 |

| | | | |
|---|---|---|---|
| | എം ബാബു<br>കെ സുരേഷ് കുമാർ<br>എ കെ ജോസ്പ്രകാശ്<br>അലെക്സാന്ഡർ എം<br>(അസി.സെക്രട്ടറി ഇൻ ചാർജ്)<br>സുരേന്ദ്രൻ എം | 14-04-2018<br>01-05-2018<br>21-06-2018<br>01-08-2018<br>14-08-2018 | 30-04-2018<br>20-06-2018<br>31-07-2018<br>13-08-2018<br>31-03-2019 |

**<u>നിർവ്വഹണ ഉദ്യോഗസ്ഥൻമാർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | അതുല്യ എസ് കുമാർ | 01-04-2018 | 30-08-2018 |
| | ബിന്ദു ജോർജ് | 31-08-2018 | 07-02-2019 |
| | സൈമണി ജോസ് | 08-02-2019 | 28-02-2019 |
| | സാജു എസ് എസ് | 01-03-2019 | 27-03-2019 |
| | മീര എൻ | 28-03-2019 | 31-3-2019 |
| വെറ്റിനറി സർജ്ജൻ | ഡോ ഹരീഷ് സി | 01-04-2018 | 13-06-2018 |
| | ഡോ സ്റ്റെല്ല സണ്ണി | 14-06-2018 | 17-07-2018 |
| | ഡോ അശ്വിൻ കെ | 18-07-2018 | 03-10-2018 |
| | ഡോ വിനീത കെ | 04-10-2018 | 16-12-2018 |
| | ഡോ ഫാബിൻ ഫൈലി | 17-12-2018 | 02-01-2019 |
| | ഡോ അശ്വിൻ കെ | 03-01-2019 | 31-03-2019 |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഷമീന തൻവീർ | 01-04-2018 | 31-03-2019 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദ | ഡോ മുഹമ്മദ് ഇമ്തിയാസ് | 01-04-2018 | 31-03-2019 |
| മെഡിക്കൽ ഓഫീസർ ഹോമിയോപ്പതി | ഡോ ഷീബ എം എസ് | 01-04-2018 | 31-03-2019 |
| വി.ഇ.ഒ, ചെങ്കള സർക്കിൾ | അബ്ദുൾ നാസർ | 01-04-2018 | 31-03-2019 |
| വി.ഇ.ഒ, പാടി സർക്കിൾ | സജിത കുമാരി പി | 01-04-2018 | 31-03-2019 |
| ICDS സൂപ്പർവൈസർ | കാവ്യശ്രീ ജി | 01-04-2018 | 31-03-2019 |
| ഹെഡ്മാസ്റ്റർ GLPS, പിലാങ്കട്ട | രമേശൻ പി | 01-04-2018 | 31-05-2018 |
| | പ്രകാശ് ജെ ബി | 01-06-2018 | 31-03-2019 |
| അസിസ്റ്റന്റ് | ഷെജിൽ ടി | 01-04-2018 | 27-06-2018 |

| | | | |
|---|---|---|---|
| എൻജിനിയർ | ജോണി ജെ ബോസ്കോ | 28-06-2018 | 31-12-2018 |
| | Vacant | 01-01-2019 | 31-03-2019 |
| അസിസ്റ്റന്റ് സെക്രട്ടറി | അലെക്സാണ്ടർ എം | 01-04-2018 | 31-03-2019 |

**ഉള്ളടക്കം**


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം 1**<br>**ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്ക് തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-11 |
| 12 | തനത് വരുമാനം | 1-12 |
| 13 | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ പദ്ധതി-അപാകത | 1-13 |
| 14 | അംഗൻവാടികൾക്ക് ചുവർചിത്രം പദ്ധതി-അപാകത | 1-14 |
| 15 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പദ്ധതി-അപാകത | 1-15 |
| 16 | കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ നിയമനം -അപാകത | 1-16 |
| 17 | പത്താംതരം തുല്യത പരീക്ഷയ്ക്ക് ഫീസ് ഒടുക്കൽ പദ്ധതി-അപാകത | 1-17 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ പദ്ധതി-അപാകത | 1-18 |
| 19 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ പദ്ധതി-അപാകത | 1-19 |
| 20 | കുടിവെള്ളം വിതരണം -അപാകതക്കൾ | 1-20 |
| 21 | സോഷ്യൽ സെക്യൂരിറ്റി മിഷന് പഞ്ചായത്ത് വിഹിതം നൽകിയത്- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 22 | തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കുന്നത്-അപാകതകൾ | 1-22 |

| | | |
|---|---|---|
| 23 | വിവിധ സ്ഥലങ്ങളിൽ ബോർവെൽ-പൂർത്തീകരിച്ച വിവരം ലഭ്യമല്ല. | 1-23 |
| 24 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തി യിട്ടില്ല. | 1-24 |
| 25 | വെള്ളക്കരം- ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-25 |
| 26 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിരൂപീകരിച്ചിട്ടില്ല. | 1-26 |
| 27 | വാഹന പരിപാലനം | 1-27 |
| 28 | മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. | 1-28 |
| 29 | ഐ.കെ.എം വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാകിയിട്ടില്ല | 1-29 |
| 30 | ബോർവെൽ നിർമ്മാണം-പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. | 1-30 |
| 31 | ജാഗ്രതാ സമിതി രൂപീകരിണ്ടതാണ്. | 1-31 |
| 32 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിൽ അപാകത | 1-32 |
| 33 | വനിതാ തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ ഫർണ്ണിച്ചറും, തൊഴിൽ ഉപകരണങ്ങളും പദ്ധതി-അപാകത | 1-33 |
| 34 | പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല | 1-34 |
| 35 | വസ്തുനികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നില്ല | 1-35 |
| 36 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-36 |
| 37 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-37 |
| 38 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-38 |
| 39 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-39 |
| 40 | എർമാളം അങ്കണവാടി പുനരുദ്ധാരണ പ്രവൃത്തി - അധികം തുക ചെലവഴിച്ചു. | 1-40 |
| 41 | ചെർക്കള പൊടിപ്പള്ളം-എരിയപ്പാടി റോഡ് പ്രവൃത്തി- കുറഞ്ഞ നിരക്കിൽ ആദായനികുതി ഈടാക്കി. | 1-41 |
| 42 | ടാറിന്റെ സ്റ്റോക്ക് രജിസറ്റർ സൂക്ഷിച്ചിട്ടില്ല- മുഴുവൻ ടാറും വിതരണം ചെയ്തിട്ടില്ല | 1-42 |
| 43 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല. | 1-43 |
| 44 | വാർഡ് അടിസ്ഥാനത്തിൽ മരാമത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുന്നു- മരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം നിർവ്വഹണത്തെയും നടപടിക്രമങ്ങളെയും ബാധിക്കുന്നു. | 1-44 |
| 45 | ക്ഷയരോഗികൾക്ക് ഭക്ഷണകിറ്റ് നൽകൽ -അപാകത | 1-45 |
| 46 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽടപ്പിലാക്കിയ നിർമാണ സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ- അപാകതകൾ- | 1-46 |
| | **ഭാഗം 2**<br>**വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |

| | | |
|---|---|---|
| | ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 47 | അങ്കൺവാടികൾക്ക് ചുമർചിത്ര പദ്ധതി- അപാകതകൾ | 3-1 |
| 48 | കുടിവെള്ള വിതരണം-അപാകതകൾ | 3-2 |
| | ഭാഗം 4<br>ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനം | |
| 49 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 50 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ടിന്റെ വിവരം | 4-2 |
| 51 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 52 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 53 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 54 | സ്ഥിര നിക്ഷേപം | 4-6 |
| 55 | ഓഡിറ്റ് റിക്കവറി | 4-7 |
| 56 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 57 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 58 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 59 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 60 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 61 | രസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 |
| 62 | ഇൻകം & എക്സ്പെൻഡിചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 63 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28-03-2018 തീയതിയിലെ 1/19 തീരുമാനപ്രകാരം അംഗീകരിച്ചു. 31-01-2019 ാം തീയതി ബജറ്റ് പുതുക്കിയിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ ചുവടെ ചേർക്കുന്നു.

| തീരുമാന നം/തീയതി | 1/19 തീ 28-03-2018 | 4(1)/19 തി 15-12-2018 |
|---|---|---|
| മുന്നിരിപ്പ് | 1,43,12,000 | 3,77,15,303 |
| പ്രതീക്ഷിത വരവ് | 22,55,85,000 | 31,96,09,824 |
| ആകെ | 23,98,97,000 | 35,73,25,127 |
| | | |

| | | |
|---|---|---|
| പ്രതീക്ഷിത ചെലവ് | 22,99,89,000 | 33,42,72,000 |
| നീക്കിയിരിപ്പ് | 99,08,000 | 2,30,53,127 |

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 28-06-2019 | ഇല്ല | ഇല്ല |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,27,85,623 |
| വരവ് | 15,93,43,322 |
| ആകെ | 17,21,28,945 |
| ചെലവ് | 12,31,98,674 |
| നീക്കിയിരിപ്പ് | 4,89,30,271 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | 0 | 3,05,01,554 | 3,05,01,554 | 2,50,76,086 | 54,25,468 |
| വികസന ഫണ്ട് -എസ്.സി.പി (ACR പ്രകാരം) | 0 | 58,48,000 | 58,48,000 | 31,79,793 | 26,68,207 |
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | 0 | 26,68,000 | 26,68,000 | 24,89,203 | 1,78,797 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 1,41,62,000 | 1,41,62,000 | 97,38,861 | 44,23,139 |
| മെയിന്റനൻസ്,നോൺ- റോഡ് (ACR പ്രകാരം) | 0 | 62,49,000 | 62,49,000 | 43,84,210 | 18,64,790 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | 0 | 1,61,65,000 | 1,61,65,000 | 93,56,118 | 68,08,882 |
| സാക്ഷരത | 0 | 0 | 0 | 0 | 0 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 3,13,83,205 | 3,13,83,205 | 3,13,83,205 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7,277 | 7,76,743 | 7,84,020 | 7,68,602 | 15,418 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 37,23,201 | 0 | 37,23,201 | 0 | 37,23,201 |
| | SSA | 0 | 0 | 0 | 0 | 0 |
| | ICDS | 5,69,576 | 14,99,825 | 20,69,401 | 9,77,721 | 10,91,680 |
| | NPRPD | 10,50,000 | 0 | 10,50,000 | 3,70,000 | 6,80,000 |
| | PYCKA | 3,31,050 | 0 | 3,31,050 | 0 | 3,31,050 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വിമുക്തി ഫണ്ട് | 12,500 | 25,000 | 37,500 | 37,500 | 0 |
| | ശുചിത്വമിഷൻ ഫണ്ട് | 2,30,000 | 10,27,505 | 12,57,505 | 0 | 12,57,505 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 83,50,643 | 83,50,643 | 45,25,456 | 38,25,187 |
| | ജില്ലാ പഞ്ചായത്ത് | 0 | 75,89,281 | 75,89,281 | 54,42,185 | 21,47,096 |
| ബി.ഫണ്ട് . | വാർദ്ധക്യകാല പെൻഷൻ | 0 | 2,70,52,900 | 2,70,52,900 | 2,70,52,900 | 0 |
| | കർഷക തൊഴിലാളി പെൻഷൻ | 0 | 27,47,800 | 27,47,800 | 27,47,800 | 0 |
| | വിധവാ പെൻഷൻ | 0 | 2,59,37,200 | 2,59,37,200 | 2,59,37,200 | 0 |
| | വികലാംഗ പെൻഷൻ | 0 | 1,04,99,000 | 1,04,99,000 | 1,04,99,000 | 0 |
| | അവിവാഹിത പെൻഷൻ | 0 | 3,41,600 | 3,41,600 | 3,41,600 | 0 |
| | വിവാഹ ധനസഹായം | 0 | 1,50,000 | 1,50,000 | 1,50,000 | 0 |
| | തൊഴിൽ രഹിത വേതനം | 0 | 2,880 | 2,880 | 2,880 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരി ച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 3,80,000 | 3,80,000 | 3,80,000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | -0 | 2,09,21,498 | 2,09,21,498 | 2,09,21,498 | 0 |

# 1-5 പദ്ധതി അവലോകനം

**ആസൂത്രണ സമിതി**

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2018-19വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾഎന്നിവ ജി.ഒ.(എം.എസ്.) നം. 72/2017 ത. സ്വ. ഭ. വ. തീയതി 29/3/2017 & ജി.ഒ. (എം.എസ്.) നം 10/2017 ത.സ്വ. ഭ. വ. തീയതി 9/1/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ട്. ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**വികസന സെമിനാർ**

08-12-2018 തീയതി ഏകദിന വികസന സെമിനാർ നടത്തിയിട്ടുണ്ട്. 170 ഹാജർ രെഖപ്പെടുത്തിയിട്ടുണ്ട്.

**വികസനരേഖ**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214ാം വകുപ്പ് പ്രകാരം വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ജനുവരി മാസം 15ന് മുൻപ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2018-19 വർഷം ഗ്രാമ പഞ്ചായത്തിലെ ക്ഷേമകാര്യം, വികസനം,ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും പാലിക്കേണ്ടതാണ്

**വർക്കിംഗ് ഗ്രൂപ്പുകൾ**

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽക്കേണ്ടതാണ്. പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്.

**മോണിറ്ററിംഗ്**

പ്രൊജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

**2018-19 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ**

2018-19 വർഷത്തിൽ മൊത്തം 368പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികളുടെ മൊത്തം അടങ്കൽ തുക 24,48,78,430 രൂപ. എന്നാൽ 232 പദ്ധതികൾ മാത്രമേ നിർവ്വഹണം

നടത്തിയിട്ടുണ്ട്. മൊത്തം പദ്ധതി ചെലവ് 10,62,78,744 രൂപയാണ്. മൊത്തം അടങ്കലിന്റെ 58 ശതമാനം ചെലവ് ചെയ്തിട്ടുണ്ട്.

| ഗീകാരം ലഭിച്ച പദ്ധതി | | നടപ്പാക്കിയ പദ്ധതി | | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാ |
|---|---|---|---|---|---|---|
| എണ്ണം | അടങ്കൽ | എണ്ണം | ചെലവ് | | | |
| 368 | 24,48,78,430 | 232 | 10,62,78,744 | ---- | 136 | 58% |

**നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 8 | 64,56,458 | 8 | 45,32,651 | 70% |
| 2 | വെറ്റി. സർജൻ | 7 | 29,22,550 | 7 | 12,70,283 | 43% |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 6 | 19,27,500 | 6 | 18,04,655 | 94% |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ | 1 | 4,00,000 | 1, | 4,00,000 | 100% |
| 6 | മെഡിക്കൽ ഓഫീസർ, ഹോമിയോപ്പതി | 1 | 4,00,000 | 1 | 4,00,000 | 100% |
| 5 | വില്ലേജ് എക്സ്റ്റെൻസൻ ഓഫീസർ ചെങ്കള | 7 | 3,50,44,751 | 5 | 1,58,14,222 | 45% |
| 7 | വില്ലേജ് എക്സ്റ്റെൻസൻ ഓഫീസർ പാടി | 4 | 7,19,95,390 | 3 | 2,71,83,632 | 38% |
| 8 | ഐ സി ഡി എസ് സൂപ്പർവൈസർ | 12 | 98,80,937 | 8 | 88,49,202 | 89% |
| 9 | ഹെഡ്മാസ്റ്റർ | 23 | 66,95,845 | 14 | 43,26,239 | 65% |
| 10 | സെക്രട്ടറി | 226 | 9,26,42,097 | 114 | 2,88,10,438 | 31% |
| 11 | അസി സെക്രട്ടറി | 15 | 29,34,250 | 8 | 6,72,462 | 23% |
| 12 | അസി.എൻജിനിയർ | 58 | 1,35,78,652 | 57 | 1,22,14,960 | 23% |
| | **ആകെ** | **368** | **24,48,78,430** | **232** | **10,62,78,744** | 43% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | 7,277 | 7,76,743 | 7,84,020 | 7,68,602 | 15,418 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 3,13,83,205 | 3,13,83,205 | 3,13,83,205 | 0 |
| **ആകെ** | **7,277** | **3,21,59,948** | **3,21,67,225** | **3,21,51,807** | **15,418** |

| ഇനം | 2018-19 |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെഎണ്ണം | 4,316 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 2,092 |
| തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 2,092 |
| തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 48.47 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 1,14,696 |
| 100 തൊഴിൽ ദിനങ്ങൾ ആവശ്യപ്പെട്ട കുടുംബങ്ങൾ | 733 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 733 |
| എല്ലാ ബി.പി.എൽ കുടുംബങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടോ ? | ഇല്ല |
| പ്രത്യേക പൗരാവകാശ രേഖ അച്ചടിച്ചിട്ടുണ്ടോ ? | ഇല്ല |
| ആകെ എസ്.സി കുടുംബങ്ങൾ | 454 |
| റജിസ്റ്റർ ചെയ്തത് | 369 |
| ആകെ എസ്.ടി കുടുംബങ്ങൾ | 364 |
| റജിസ്റ്റർ ചെയ്തത് | 229 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|---|
| 2018-19 | വാർദ്ധക്യകാല പെൻഷൻ | 2,70,52,900 | 2403 |
| | കർഷകതൊഴിലാളി പെൻഷൻ | 27,47,800 | 219 |
| | വിധവാ പെൻഷൻ | 2,59,37,200 | 2156 |
| | വികലാംഗ പെൻഷൻ | 1,04,99,000 | 830 |
| | 50 വയസ്സിനു മകളിലുള്ള അവിവാഹിത സ്ത്രീകൾകുള്ള പെൻഷൻ | 3,41,600 | 30 |
| | വിധവകളുടെ പെൺമക്കൾകുള്ള വിവാഹ ധനസഹായം | 1,50,000 | 5 |
| | തൊഴിൽ രഹിത വേതനം | 2,880 | 5 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-01-2020ന് 3PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46,815രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) ആസ്തികളുടെ പരിപാലനം

പഞ്ചായത്തിന്റെ തനത് ആസ്തികൾ വാങ്ങുന്നതിൽ പ്രോക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ് . ആയതിന്റെ ആസ്തി രജിസ്റ്റർ ഇലട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിംഗ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറന്റിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്യാൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. നിലവിൽ ഇലട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇലട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

**<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-</u>** ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ അപൂർണമാണ്. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിട്ടുണ്ട്. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ട് എന്നാൽ പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ഡി സി ബി ഇനങ്ങളുടെ റജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. പ്രോക്യൂർമെന്റ് കമ്മറ്റി മിനട്ടസ് കൃത്യമായി എഴുതിയിട്ടില്ല. രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

**<u>മറ്റ് പ്രസക്തമായവ-</u>** പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | | | റിപ്പോർട്ട് |
|---|---|---|---|

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 06-11-2017 | 2012-13 മുതൽ 2016-17 വരെ | 30-01-2018 |
| പെർഫോമെൻസ് ഓഡിറ്റ് | 09-12-2019 | 06/2019 മതൽ 11/2019 വരെ | 09-12-2019 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

**ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ**

1. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2018-19 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

2. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വികസന ഫണ്ട് ജനറൽ ചെലവ് 2,50,76,086/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് തുക 2,55,76,086/- രൂപയാണ്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

3. 31.03.2019 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-16ൽ 440500101 എന്ന ഹെഡിൽ (Prepaid programme Expense) 2,93,866 രൂപ നീക്കിയിരിപ്പ് ആസ്തി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ആസ്തി 31.03.2019 ന് നീക്കിയിരിപ്പില്ല.

4. ഷെഡ്യൂൾ B-4, ഷെഡ്യൂൾ B-9 എന്നീ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

6. ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ (Deposits Received) Suppliers EMD ഇനത്തിൽ 16,052-രൂപയും, ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ബാലൻസ് തുക 8,452/-രൂപയുമാണ്. Bidders EMD ഇനത്തിൽ 81,270/--രൂപയും, ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ബാലൻസ് തുക 84,870/-രൂപയുമാണ്. ആയതിന്റെ കൃത്യത പരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

7. ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-5ൽ Secured Loans ഇനത്തിൽ Secured Loans -Loan from KURDFC ഇനത്തിൽ 2,31,81,925/-രൂപയാണുള്ളത് . എന്നാൽ ഈ തുകയുടെ വിവരങ്ങൾ ലോൺ രജിസ്റ്ററിൽ എഴുതി തയ്യാറാക്കിയിട്ടില്ല.

8. വസ്തു നികുതി-എ) സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത വാർഡ് തിരിച്ചുള്ള സംഗ്രഹം പ്രകാരമുള്ള ഡിമാന്റ്,കലക്ഷൻ, ബാലൻസ് തുക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

ബി) കുടിശ്ശിക ഡിമാന്റ് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത വാർഡ് തിരിച്ചുള്ള സംഗ്രഹ പ്രകാരമുള്ള മുന്നിരിപ്പ്, കൂട്ടിച്ചേർക്കൽ, കുടിശ്ശിക കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

9. സ്ഥാപനങ്ങൾ, വ്യാപാരികൾ, പ്രൊഫഷണലുകൾ എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതിയിനത്തിൽ തൻവർഷം 7,37,840 രൂപയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതു രേഖ

അടിസ്ഥാനമാക്കിയാണ് അക്രൂവൽ രേഖപ്പെടുത്തിയത് എന്ന് വ്യക്തമല്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10. തൊഴിൽ നികുതി (ജീവനക്കാർ) ഇനത്തിലുള്ള വരവിനത്തിൽ ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ ഷെഡ്യൂൾ I-1 പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന 57,12,382/-രൂപയും, റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ RP-1പ്രകാരം 56,84,482/-രൂപയും, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല, (തുക57,08,522), ഡിമാന്റ്, കലക്ഷൻ, ബാലൻസ് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11. ഡി&ഒ ലൈസൻസ് ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംഗ്രഹം രേഖപ്പെടുത്തിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

12. ചെങ്കള സിർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ബാങ്ക് ബുക്ക് പ്രകാരം( അക്കൗണ്ട് നം.450230101) 31-03-2019ലെ ബാലൻസ് 2,46,27,135/-രൂപയാണ്. ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 2,42,51,984/-രൂപയാണ്. റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബുക്കിലെ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത് 2,42,35,207/ -രൂപയാണ്. ബാങ്ക് ബുക്കിലെ തുകയേക്കാൾ 3,91,908/-രൂപ ബാങ്ക് ബുക്കിലെ 31-03-2019 ലെ നീക്കിയിരിപ്പായി കാണിച്ചുട്ടുണ്ട്. കുറവ് വന്ന 3,91,908/-രൂപ കൃത്യമായ റീക്കൺസിലേഷൻ നടത്തി ക്രമീകരിക്കേണ്ടതാണ്.

13. ചെങ്കള സിർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ (അക്കൗണ്ട് നം.450230101) 31-03-2019ലെ റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 13,90,375/-രൂപ ബാങ്കിൽ വരവ് വരാനുള്ള തുകയായി കാണിച്ചിട്ടുണ്ട്. ഈ തുകയുടെ ചെക്കുകളിൽ കാലാവധി കഴിഞ്ഞ ചെക്കുകൾ റീവാലിഡേറ്റ് ചെയ്തതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതിൽ താഴെകാണിച്ച് രണ്ട് ചെക്കുകൾ മൂല്യം കൂടുതലുള്ള ചെക്കുകളാണ്.വിശദീകരണം ചുവടെ കൊടുക്കുന്നു. 51,000/-രൂപയുടെ ചെക്ക്, ചെക്ക് നം.0000631/- തീയ്യതി.30-10-2018, തൊഴിൽ നികുതി 1,89,750/-രൂപയുടെ ചെക്ക്, ചെക്ക് നം.7057998/- തീയ്യതി.24-09-2018, തൊഴിൽ നികുതി.

# 1-12 തനത് വരുമാനം

| വർഷം | ഇനം | മുൻവർഷം 2017-18 | തൻവർഷം 2018-19 | വ്യത്യാസം (+) | (-) | ശതമാനം (+) | (-) |
|---|---|---|---|---|---|---|---|
| 2018-19 | നികുതി വരവുകൾ | 2,31,45,534 | 1,54,52,269 | - | 76,93,265 | - | 33% |
| | നികുതിയേതര വരവുകൾ | 15,19,77,570 | 19,30,55,648 | 4,10,78,078 | - | 27% | - |
| | മറ്റുവരവുകൾ | 58,336 | 44,829 | -- | 13,507 | – | 23% |
| | ആകെ | 17,51,81,440 | 20,85,52,746 | 3,33,71,306 | - | 19% | - |

# 1-13 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്റ്റ് നമ്പർ - 24/2019

അടങ്കൽ - 12,60,000/- രൂപ

ചെലവ് - 10,53,000/- രൂപ

ബില്ല് നമ്പർ-29/18-19/15.3.2019 – 3,48,400/- രൂപ

ബില്ല് നമ്പർ -30/18-19/15.3.2019 – 7,04,600/- രൂപ

ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ വാങ്ങി നൽകാനുള്ള ഈ പദ്ധതി പ്രകാരം ആകെ 13 സൈഡ് വീൽ സ്കൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. കെൽട്രോണിൽ നിന്നാണ് സ്കൂട്ടറുകൾ വാങ്ങിയിട്ടുള്ളത്. നം. പി-68-ആർ/ തിയ്യതി-30.1.2019 പ്രകാരം 13 സ്കൂട്ടറുകൾ വിതരണം ചെയ്തതിന് 7,04,600/- രൂപയുടെയും, നം. പി-69-ആർ/തിയ്യതി-30.1.2019 പ്രാകരം 13 സ്കൂട്ടറുകൾക്ക് സൈഡ് വീൽ ഘടിപ്പിച്ചതിന് 3,48,400/- രൂപയുടെയും ഇൻവോയ്സുകൾ കെൽട്രോൺ സമർപ്പിച്ചിട്ടുണ്ട്. ബില്ല് നമ്പർ-29/18-19/15.3.2019 പ്രകാരം 3,48,400/- രൂപയും, ബില്ല് നമ്പർ -30/18-19/15.3.2019 പ്രകാരം 7,04,600/- രൂപയും കെൽട്രോണിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അക്കൗണ്ട് നം.10343438201-എസ്.ബി.ഐ. താഴെപ്പറയും പ്രകാരം 13 സ്കൂട്ടറുകൾ വിതരണം ചെയ്ത പട്ടിക ഫയലിൽ ഉണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് അഡ്രസ്സ് |
|---|---|
| 1 | അബ്ദുള്ള, S/O മാഹിൻകുഞ്ഞി, പള്ളം ഹൗസ്,ആലംപാടി |
| 2 | കുശാൽ കുമാർ, S/O പുഷ്പാവതി, പാടി |
| 3 | മുനീർ.ബി.എ, ബളിയന്റെമൂല ഹൗസ്, തൈവളപ്പ് |
| 4 | നൂറുദ്ദീൻ, S/O അബ്ദുള്ള, ഉദ്ദം ഹൗസ്,നെക്രാജെ |
| 5 | മഹമൂദ്, ബദർമൻസിൽ, ചൂരിപ്പള്ളം |
| 6 | എ.എം അബ്ദുള്ള, S/O അബ്ദുൾ ഖാദർ, ഉദ്ദംപര, നാരംപാടി |
| 7 | മൻസൂർ.സി.എം, ബേവിഞ്ച |
| 8 | സുഹൈൽ, ചേരൂർ, മേനാംഗോഡ് |
| 9 | അബൂബക്കർ.സി.കെ, ചെർക്കള |
| 10 | അബൂബക്കർ, അബ്ബാസ് നഗർ |
| 11 | അബ്ദുള്ള.കെ, പള്ളിക്കുന്ന്, ചെങ്കള |
| 12 | സലീം.പി.എ, ബി.കെ പാറ, ചെർക്കള |
| 13 | വസന്തൻ, വോർകുഡ്ലു, നെക്രാജെ |

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1.ഈ പദ്ധതിക്കായി സൈഡ് വീൽ സ്കൂട്ടർ വാങ്ങിയിരിക്കുന്നത് കെൽട്രോണിൽ നിന്ന് നേരിട്ടാണ്. കെൽട്രോൺ സ്കൂട്ടറുകൾ നിർമ്മിക്കുന്നില്ല. കെൽട്രോണിൽ നിന്ന് നേരിട്ട് സ്കൂട്ടർ വാങ്ങുന്നതിന് സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്തെങ്കിലും നിലവിൽ ഉണ്ടോ എന്നതിന് ആധാരമായി ഫയലിൽ രേഖകൾ ഇല്ല.

2.കെൽട്രോണിൽ നിന്ന് നേരിട്ട് സ്കൂട്ടർ വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരം വാങ്ങിയത് സംബന്ധമായ രേഖകൾ, കെൽട്രോൺ വിലവിവരം കാണിച്ച് തന്ന പ്രൊഫോർമ ഇൻവോയ്സ്, കെൽട്രോണിന് നൽകിയ സപ്ലൈ ഓർഡർ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.13 പേർക്കാണ് സ്കൂട്ടറുകൾ വിതരണം ചെയ്തിരിക്കുന്നത്, രണ്ട് പട്ടിക വിതരണം ചെയ്തതിന് ആധാരമായി ഫയലിൽ ഉണ്ട്. ഒന്നാമത്തേതിൽ 14 പേരിൽ 13 പേർ സ്കൂട്ടർ കൈപ്പറ്റിയതിന് ഒപ്പ് വെച്ചിട്ടുണ്ട്. രണ്ടാമത്തെ പട്ടികയിൽ 15 പേർ ഉൾപ്പെട്ടിട്ടുണ്ട്, അതിൽ 12 പേർ സ്കൂട്ടർ കൈപ്പറ്റിയതിന് ഒപ്പ് വെച്ചിട്ടുണ്ട്. 1.അബ്ദുൾ ബഷീർ.എം.കെ, ബംമ്പ്രാണി നഗർ,2. മുഹമ്മദ് ഉസൈർ, ബേർക്ക എന്നിവരാണ് രണ്ടാമത്തെ പട്ടികയിൽ പുതുതായി വന്നത്, ആദ്യ പത്രികയിലെ ക്രമ നമ്പർ (5) മഹമൂദ്, ബദർമൻസിൽ, ചൂരിപ്പള്ളം, ക്രമ നമ്പർ (12)സലീം.പി.എ, ബി.കെ പാറ, ചെർക്കള എന്നിവർക്ക് പകരമായാണ് അബ്ദുൾ ബഷീർ.എം.കെ, ബംമ്പ്രാണി നഗർ, മുഹമ്മദ് ഉസൈർ, ബേർക്ക എന്നിവരെ ഉൾപ്പെടുത്തിയത്. 15 പേരുമായി ഒപ്പ് വച്ച കരാർ ഫയലിൽ ഉണ്ട്. സ്കൂട്ടറുകൾ വിതരണം ചെയ്ത13 ഗുണഭോക്താക്കളുടെ കൃത്യമായ വിവരം, ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4.വാങ്ങിയ 13 സ്കൂട്ടറുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഗുണഭോക്താക്കളുടെ ലൈസൻസ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.02/30.1.2020 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 10,53,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-14 അംഗൻവാടികൾക്ക് ചുവർചിത്രം പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ - 22/2019

അടങ്കൽ - 5,71,280/- രൂപ

ചെലവ് - 5,12,652/- രൂപ

ബില്ല് നമ്പർ-34/18-19/21.3.2019 – 1,00,520/- രൂപ

ബില്ല് നമ്പർ -35/18-19/23.3.2019 – 4,12,132/- രൂപ

ചെങ്കള ഗ്രാമപഞ്ചായത്തിലെ അംഗൻവാടികൾ ബേബി സൗഹൃദം ആക്കി മാറ്റുന്നതിന്റെ ഭാഗമായി 51 അംഗൻവാടികളിലെ ചുമരുകളിൽ കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള ചിത്രങ്ങൾ വരയ്ക്കുന്നതിനാണ് ഈ പദ്ധതി. നാഷണൽ ആർട്സ്, കാസറഗോഡ് എന്ന സ്ഥാപനമാണ് ഈ പദ്ധതിക്ക് വേണ്ടി 51 അംഗൻവാടികളിലെ ചുമരുകളിൽ ചിത്രങ്ങൾ വരയ്ക്കുന്ന പ്രവർത്തി നടത്തിയത്. പ്രവർത്തി പൂർത്തീകരിച്ച് ബില്ല് സമർപ്പിച്ചിട്ടുണ്ട്. ബില്ല് നമ്പർ 385 മുതൽ 394 വരെ തിയ്യതി 22.2.2019, ബില്ല് നമ്പർ 583 മുതൽ 596 വരെ തിയ്യതി 10.3.2019, ബില്ല് നമ്പർ 561 മുതൽ 573 വരെ, തിയ്യതി 20.3.2019 , ആകെ 10052x51 = 5,12,652 രൂപയുടെ ബില്ലുകളാണ് സമർപ്പിച്ചത്. ബില്ല് നമ്പർ-34/18-19/21.3.2019 പ്രകാരം 1,00,520/- രൂപയും, ബില്ല് നമ്പർ -35/18-19/23.3.2019 പ്രകാരം 4,12,132/- രൂപയും ചേർത്ത് ആകെ 5,12,652 രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.59000020701.

ഈ പ്രവർത്തി നടത്തിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1.ഈ പ്രവർത്തി നടത്തുന്നതിന് ടെണ്ടർ വിളിച്ചത്, ലഭിച്ച ടെണ്ടറുകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകരിച്ചത് സംബന്ധമായ രേഖകൾ, വർക്ക് ഓർഡർ നൽകിയത് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ഈ പ്രവർത്തിക്ക് തുക നൽകിയത് ഒരേ സ്ഥാപനത്തിന് രണ്ട് ബില്ലുകളിലൂടെയാണ്, നാഷണൽ ആർട്സ്, കാസറഗോഡ്. രണ്ട് ബില്ലുകളും 1 ലക്ഷം രൂപയ്ക്ക് മുകളിലാണ്. അതിനാൽ 2% ആദായനികുതി ഈടാക്കേണ്ടതാണ്. ആദായനികുതി ഇനത്തിൽ 10,253/- രൂപ ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.03/30.1.2020 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രവർത്തി നടത്തുന്നതിന് ടെണ്ടർ വിളിച്ചത്, ലഭിച്ച ടെണ്ടറുകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകരിച്ചത് സംബന്ധമായ രേഖകൾ, വർക്ക് ഓർഡർ നൽകിയത് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ആദായനികുതി ഇനത്തിൽ 2% തുക , 10,253/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്. മറ്റ് രേഖകൾ ഹാജരാക്കാത്തതിനാൽ ബാക്കി തുക 5,02,399/- ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-15 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്റ്റ് നമ്പർ - 94/2019

അടങ്കൽ - 6,00,000/- രൂപ- പ്ലാൻ ജനറൽ

2,50,000/- രൂപ – ബ്ലോക്ക് പഞ്ചായത്ത്

50,000/- രൂപ – ജില്ലാ പഞ്ചായത്ത്

ചെലവ് - 6,00,000/- രൂപ- പ്ലാൻ ജനറൽ

2,48,330/- രൂപ – ബ്ലോക്ക് പഞ്ചായത്ത്

50,000/- രൂപ – ജില്ലാ പഞ്ചായത്ത്

ചെങ്കള ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന ഈ പദ്ധതിക്ക് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ബില്ല് നമ്പർ/തിയ്യതി | തുക (രൂപ ) | ആകെ കുട്ടികൾ |
|---|---|---|---|
| 1 | 12/18-19/14.11.2018 | 2,26,800 | 50 കുട്ടികൾക്ക് നൽകി |
| 2 | 14/18-19/28.11.2018 | 27,600 | 5കുട്ടികൾക്ക് നൽകി |
| 3 | 15/18-19/28.11.2018 | 33,600 | 10കുട്ടികൾക്ക് നൽകി |
| 4 | 16/18-19/28.11.2018 | 62,400 | 18കുട്ടികൾക്ക് നൽകി |
| 5 | 17/18-19/28.11.2018 | 58,800 | 11കുട്ടികൾക്ക് നൽകി |
| 6 | 33/18-19/18.3.2019 | 1,90,800 | 38കുട്ടികൾക്ക് നൽകി |
| 7 | ട്രഷറി ചെക്ക് നം. 2377040/26.3.2019 | 2,44,800 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല |
| 8 | ട്ടറി ചെക്ക് നം. 1983962/28.3.2019 | 50,000 | 61കുട്ടികൾക്ക് നൽകി |

ആകെ 8,98,330/- രൂപ സ്കോളർഷിപ്പ് നൽകുന്നതിന് ചെലവഴിച്ചതിന് ആധാരമായി താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.സ്കോളർഷിപ്പ് അനുവദിച്ച മുഴുവൻ കുട്ടികൾ എത്ര, ഈ കുട്ടികളുടെ അപേക്ഷയും അനുബന്ധരേഖകളും, മെഡിക്കൽ രേഖകളും, സ്കീം രജിസ്റ്ററും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് 2,48,330/-രൂപയാണ്, എന്നാൽ 2,44,800/- രൂപയുടെ ട്രഷറി ചെക്ക് നം. 2377040/26.3.2019 മാത്രമാണ് ഹാജരാക്കിയിട്ടുള്ളത് , ആർക്കാണ് തുക നൽകിയത് എന്നതിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ബാക്കി 3,530/- രൂപയുടെ ചെലവ് ചെയ്തിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്, 2,44,800/- രൂപയുടെ ചെലവ് വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.04/30.1.2020 ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല.അതിനാൽ ചെലവ് തുക 8,98,330/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-16 കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ നിയമനം -അപാകത

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ - 119/2019

അടങ്കൽ - 1,23,088/- രൂപ- പ്ലാൻ ജനറൽ

ചെലവ് - 75,000/- രൂപ- പ്ലാൻ ജനറൽ

ചെങ്കള ഗ്രാമപഞ്ചായത്തിലെ വനിതകളുടെ ക്ഷേമത്തിനായി കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററായി രഞ്ജിഷ.എൻ എന്നവരെ നിയമിച്ചിട്ടുണ്ട്. താഴെപ്പറയും പ്രകാരം ആകെ 75,000/- രൂപ ഇവർക്ക് വേതനം നൽകുന്നതിന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ബില്ല് നമ്പർ/തിയ്യതി | തുക | ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | 21/18-19/14.12.2018 | 15,000/- രൂപ | 67194660172 – SBI |
| 2 | 23/18-19/14.1.2019 | 15,000/- രൂപ | -do- |
| 3 | 25/18-19/31.1.2019 | 15,000/- രൂപ | -do- |
| 4 | 31/18-19/15.3.2019 | 15,000/- രൂപ | -do- |
| 5 | 36/18-19/26.3.2019 | 15,000/-രൂപ | -do- |
| | ആകെ | 75,000/- രൂപ | |

ആകെ 75,000/- രൂപ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് വേതനം നൽകുന്നതിന് ചെലവഴിച്ചതിന് ആധാരമായി താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പാരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.നിയമനം നടത്തിയതിന് ആധാരമായി അപേക്ഷ ക്ഷണിച്ചത്, ലഭിച്ച അപേക്ഷകൾ, ഇന്റർവ്യൂ നടത്തിയത്, ഭരണസമിതി അംഗീകരിച്ചത്, നിയമന ഉത്തരവ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ഈ പ്രൊജക്ട് നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച പ്രൊജക്ടിന്റെ പകർപ്പ്, ക്രമ നമ്പർ 3,4,,5 പ്രകാരമുള്ള ബില്ലുകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.05/30.1.2020 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 75,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-17 പത്താംതരം തുല്യത പരീക്ഷയ്ക്ക് ഫീസ് ഒടുക്കൽ

## പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നമ്പർ - 309/19

അടങ്കൽ - 22,630/- രൂപ

ചെലവ് - 22,630/- രൂപ

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - 11,370/- രൂപ

ചെലവ് - 11,370/-രൂപ

ബിൽ നം.05/18-19/18.5.2018 – 22,360/-രൂപ

ബിൽ നം.09/18-19/28.5.2018 – 11,370/-രൂപ

ചെങ്കള ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ പഠിതാക്കൾക്ക് പത്താം തരം തുല്യതാ പരീക്ഷ എഴുതുന്നതിന് കേരള സംസ്ഥാന സാക്ഷരതാ മിഷന് ഫീസ് ഇനത്തിൽ തുക ഒടുക്കാനുള്ളതാണ് ഈ പദ്ധതി. ബിൽ നം.05/18-19/18.5.2018 പ്രകാരം 22,360/-രൂപയും, ബിൽ നം.09/18-19/28.5.2018 പ്രകാരം 11,370/-രൂപയും ചേർത്ത് ആകെ 34,000/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.എത്ര പഠിതാക്കളാണ് ഉള്ളത്, പഠിതാക്കളുടെ വിശദവിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

2.തുക ഒടുക്കുന്നതിന് കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ കത്ത്/ഡിമാന്റ് നോട്ടീസ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.06/03.2..2020 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല, അതിനാൽ ചെലവ് തുക 34,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നമ്പർ - 331/19

അടങ്കൽ - 5,50,000/- രൂപ- എസ്.സി.പി

ചെലവ് - 4,79,200/- രൂപ

അടങ്കൽ - 20,000/- രൂപ

ചെലവ് - ഇല്ല

ബിൽ നം.08/18-19/18.3.2019 – 4,79,200/-രൂപ

ചെങ്കള ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട വിവിധ കോഴ്സുകൾക്ക് ബിരുദ,ബിരുദാനന്തര പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകുന്നതിനുള്ളതാണ് ഈ പദ്ധതി. ഭരണസമിതി തീരുമാനം നം.3(1)/26.3.2018 പ്രകാരം കെൽട്രോൺ കോഴിക്കോടിൽ നിന്നാണ് ഈ പദ്ധതിക്കായി ലാപ് ടോപ്പ് വാങ്ങിയിരിക്കുന്നത്. 29,950/- രൂപയാണ് ഒരു ലാപ് ടോപ്പിന് കെൽട്രോൺ നിശ്ചയിച്ച വില. ഇൻവോയ്സ് നം.KSEDC/CLT/17-18/PRO/1036/dt.26.3.2018 പ്രകാരം 16 ലാപ് ടോപ്പുകൾ കെൽട്രോൺ വിതരണം ചെയ്തിട്ടുണ്ട്. ബിരുദ,ബിരുദാനന്തര പഠനം നടത്തുന്ന 16 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഈ

ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ ഹാജരാക്കിയ അപേക്ഷകൾ അനുബന്ധ രേഖകൾ എന്നിവ പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന ഒരു വിദ്യാർത്ഥി ബിരുദ,ബിരുദാനന്തര കോഴ്സിനല്ല പഠിക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്.

സുഗേഷ്.എം

s/oവിജയകുമാർ

മാലാങ്കൈ, പുണ്ടൂർ, നേക്രാജെ

ഈ വിദ്യാർത്ഥി പഠിക്കുന്നത് കാസറഗോഡ് ഗവൺമെന്റ് ഐ.ടി.ഐ യിൽ ആണ്. 4.11.2017 ൽ പ്രിൻസിപ്പൽ ,കാസറഗോഡ് ഗവൺമെന്റ് ഐ.ടി.ഐ നൽകിയ സാക്ഷ്യപത്രം പ്രകാരം 08/2017 മുതൽ 07/2018 വരെയുള്ള സർവ്വയർ കോഴ്സിനാണ് വിദ്യാർത്ഥി പഠിക്കുന്നത്. അതിനാൽ സുഗേഷ്.എം, s/oവിജയകുമാർ,മാലാങ്കൈ, പുണ്ടൂർ, നേക്രാജെ എന്ന വിദ്യാർത്ഥിക്ക് ലാപ് ടോപ്പ് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നം.07/03.2.2020 പ്രകാരം ഈ അപാകതക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 4,79,200/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. വ്യക്തമായ മറുപടി നൽകേണ്ടതാണ്.

# 1-19 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്റ്റ് നമ്പർ - 323/19

അടങ്കൽ - 3,30,000/- രൂപ- ടി.എസ്.പി

ചെലവ് - 3,16,800/- രൂപ

ബിൽ നം.09/18-19/18.3.2019 – 3,16,800/-രൂപ

ചെങ്കള ഗ്രാമപഞ്ചായത്തിലെവിവിധ കോഴ്സുകൾക്ക് ബിരുദ,ബിരുദാനന്തര പഠനം നടത്തുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകുന്നതിനുള്ളതാണ് ഈ പദ്ധതി.ടെണ്ടർ മുഖാന്തിരം ഇനിയാക് സിസ്റ്റംസ് കാസറഗോഡിൽ നിന്നാണ് ഈ പദ്ധതിക്കായി ലാപ് ടോപ്പ് വാങ്ങിയിരിക്കുന്നത്. 28,800/-രൂപയാണ് ഒരു ലാപ് ടോപ്പിന്റെ വില. ഇൻവോയ്സ് നം.329/23.3.2018 പ്രകാരം 11 ലാപ് ടോപ്പുകൾ ഇനിയാക് സിസ്റ്റംസ് കാസറഗോഡ് വിതരണം ചെയ്തിട്ടുണ്ട്. ബിൽ നം.09/18-19/18.3.2019 പ്രകാരം 3,16,800/-രൂപ ഇനിയാക് സിസ്റ്റംസ് കാസറഗോഡിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അക്കൗണ്ട് നം.851420110000152. ബിരുദ,ബിരുദാനന്തര പഠനം നടത്തുന്ന 11 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ ഹാജരാക്കിയ അപേക്ഷകൾ അനുബന്ധ രേഖകൾ എന്നിവ പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന ഒരു വിദ്യാർത്ഥി ബിരുദ,ബിരുദാനന്തര കോഴ്സിനല്ല പഠിക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്.

കൃഷ്ണ.ജി

s/oമഹാലിംഗ നായിക്

ഗംഗരമൂലെ ഹൗസ്, എടനീർ

ഈ വിദ്യാർത്ഥി പഠിക്കുന്നത് കുമ്പളയിൽ പ്രവർത്തിക്കുന്ന ITECH ടെക്ക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്വകാര്യ സ്ഥാപനത്തിൽ ആണ്. 18.7.2017 ൽ പ്രിൻസിപ്പൽ, ITECH ടെക്ക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയ സാക്ഷ്യപത്രം പ്രകാരം 08/2017 മുതൽ 06/2018 വരെയുള്ള എയർകണ്ടീഷനിംഗ് &റെഫ്രിജറേറ്റർ കോഴ്സിനാണ് വിദ്യാർത്ഥി പഠിക്കുന്നത്. കൃഷ്ണ.ജി, s/oമഹാലിംഗ നായിക്, ഗംഗരമൂലെ ഹൗസ്, എടനീർ എന്ന വിദ്യാർത്ഥിക്ക് ലാപ് ടോപ്പ് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നം.08/03.2.2020 പ്രകാരം ഈ അപാകതക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 3,16,800/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. വ്യക്തമായ മറുപടി നൽകേണ്ടതാണ്.

# 1-20 കുടിവെള്ളം വിതരണം -അപാകതകൾ

പദ്ധതി നം.003/2019

കുടിവെള്ള വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

2018 -19 വർഷം വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ള വിതരണം നടത്തിയ വകയിൽ അബ്ദുള്ള ബി, എന്നവർക്ക് വൌച്ചർ നമ്പർ 21800279/31.07.2018 പ്രകാരം IT കിഴിച്ച് (Rs.2,966/-) 1,45,322/-രൂപ നൽകിയിട്ടുണ്ട്. ക്വട്ടേഷൻ നടപടി പ്രകാരം നിശ്ചയിച്ച എറ്റവും കുറഞ്ഞ നിരക്ക് കാണിച്ച് കത്ത് തന്ന അബ്ദുള്ള ബി, ചെർകള എന്നവർക്ക് കിലോമീറ്ററിന് 85/- രൂപ നിരക്കിൽ 10.07.2018 തിയതിയിലെ ഭരണസമിതി യോഗം അംഗീകരിച്ച തീരുമാന പ്രകാരം തുക നൽകിയതാണ്. ഒരു വണ്ടിയിൽ 5000 ലിറ്റർ വീതം കുറഞ്ഞത് 20000 ലിറ്റർ കുടിവെള്ളം ഒരു ദിവസം ടാങ്കർ ലോറിയിൽ വിതരണം ചെയ്തിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. അബ്ദുള്ള ബി എന്നവർ ട്രിപ്പ് ഷീറ്റ് പ്രകാരം രണ്ട് ലോറികളിൽ (KL-14-J-858 Eicher, KL-14 -C-6765 Tempo 407) 16.05.2018 മുതൽ 30.05.2018 വരെ വിവിധ പ്രദേശങ്ങളിലേക്ക് കുടിവെള്ളം വിതരണം നടത്തിയതായി ബന്ധപ്പെട്ട രേഖകളിൽ കാണുന്നു. 16.05.2018 മുതൽ 30.05.2018 വരെയുള്ള കാലയളവിൽ KL-14 J--858 വണ്ടിയിൽ 14 ദിവസവും, KL-14 -C-6765 വണ്ടിയിൽ 14 ദിവസവും കുടിവെള്ളം വിതരണം നടത്തിയിട്ടുണ്ട്. ടെണ്ടർ നിബന്ധനങ്ങൾ പ്രകാരം കരാർ വെച്ചിട്ടുണ്ടെങ്കിലും,കരാർ വ്യവസ്ഥകളൊന്നു മദ്രപത്രത്തിൽ (മുദ്രപത്ര നം1037,1038/17.05.2018) രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ടെണ്ടർ നിബന്ധനങ്ങൾ പാലിച്ചതായി കാണുന്നില്ല. കുടിവെള്ള വിതരണത്തിന്റെ ഫയലുകൾ പരിശോധിച്ചതിൽ കുടിവെള്ള വിതരണത്തിൽ ചുവടെ ചേർത്ത അപാകതകൾ ഉള്ളതായി കാണുന്നു.

1. <u>കുടിവെള്ള വിതരണം നടത്താൻ ഉപയോഗിച്ച വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ുണ്ടെങ്കില്ല ട്രിപ്പ് ശീറ്റുമായി പുരുത്തപ്പെടുന്നില്ല.</u>

   KL-14-J-858 Eicher, KL-14 -C-6765 Tempo 407 എന്നീ രണ്ടു വാഹനങ്ങളിലായാണ് കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. എന്നാൽ ക്വട്ടേഷൻ നോട്ടീസ്, പഞ്ചായത്തും കരാറുകാരനും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാർ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുടിവെള്ള വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കില്ല ട്രിപ്പ് ശീറ്റുമായി പുരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ചുള്ള വിശദീകരണങ്ങൾ ഒന്നും തന്നെ ഫയലിൽ ഇല്ല. ഉദാഹരണം താഴെ ചേർകുന്നു.

| തിയതി | ജി.പി.എസ്. പ്രകാരം കി.മി KL 14C 6765 | ട്രിപ്പ് ശീറ്റ് പ്രകാരം കി.മി | തുക നൽകിയത് |
|---|---|---|---|
| 16.05.2018 | 1 | 66 | 85 |
| 17.05.2018 | 35 | 64 | 2975 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 18.05.2018 | 50 | 64 | 4250 |
| 19.05.2018 | 67 | 64 | 5695 |
| 20.05.2018 | 60 | 64 | 5100 |
| 21.05.2018 | 655 | 66 | 5525 |
| 22.05.2018 | 95.56 | 64 | 8122.6 |
| 23.05.2018 | 49 | 64 | 4165 |
| 24.05.2018 | 40 | 68 | 3400 |
| 25.05.2018 | 52 | 64 | 4420 |
| 26.05.2018 | 45 | 66 | 3825 |
| 27.05.2018 | 39 | 66 | 3315 |
| 28.05.2018 | 65 | 65 | 5525 |
| 29.05.2018 | 40 | 65 | 3400 |
| 30.05.2018 | 0 | 0 | 0 |
| ആകെ | 703.56 | | 59,802.6 |
| തിയതി | ജി.പി.എസ്. പ്രകാരം കി.മി KL 14 J 858 | ട്രിപ്പ് ശീറ്റ് പ്രകാരം കി.മി | തുക നൽകിയത് |
| 16.05.2018 | 0 | 0 | 0 |
| 17.05.2018 | 59 | 77 | 5015 |
| 18.05.2018 | 56 | 91 | 4760 |
| 19.05.2018 | 84 | 80 | 7140 |
| 20.05.2018 | 53 | 74 | 4505 |
| 21.05.2018 | 74 | 76 | 6290 |
| 22.05.2018 | 91 | 76 | 7735 |
| 23.05.2018 | 85 | 76 | 7225 |
| 24.05.2018 | 91 | 76 | 7735 |
| 25.05.2018 | 83 | 76 | 7055 |
| 26.05.2018 | 90 | 76 | 7650 |
| 27.05.2018 | 61 | 79 | 5185 |
| 28.05.2018 | 92 | 74 | 7820 |
| 29.05.2018 | 65 | 113 | 5525 |
| 30.05.2018 | 65 | 66 | 4875 |
| അകെ | 1,041 | 1,110 | 88,485 |

2. KL 14-C-6765 വാഹനം ജി.പി.എസ്. പ്രകാരം 22.05.2018 ന് പഞ്ചായത്ത് പരിധി വിട്ട് സംച്ചരിച്ചതായി കാണാൻ കഴിഞ്ഞു.കർണാടക അതിർത്തി പ്രദേശമായ ബാക്രബൈൽ, സാലത്തൂർ, വിട്ടല, പ്രദേശത്തേക്കും, കുമ്പള പഞ്ചായത്തിൽപ്പെട്ട സ്ഥലത്തേക്കും,അന്നേ ദിവസം ഈ വാഹനം സഞ്ചരിച്ചിട്ടുണ്ട്. Google Map -GPS വിവരങ്ങൾ പ്രാകാരം 50.68 Km കർണടകയിലും, 37.76 km കുമ്പള-സീതാംഗോളിയിലേക്കും പഞ്ചായത്ത് പരിധി വിട്ട് സംച്ചരിച്ചിട്ടുണ്ട്. ആകെ 50.68+37.76=88.44 Km ദൂരം +7.12 Km തിരികെ HQ ലേക്ക് എത്തിയെതാണ്. അന്നേ ദിവസം കുടിവെള്ള വിതണം നടത്തിയിട്ടില്ല എന്നെത് വ്യക്തമാണ്. വ്യക്തിപരമായ യാത്രയ്ക്ക് നൽക്കിയ (22.05.2018 ) 8,122/- രൂപ സംബന്ധച്ച് വിശധീകരണം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ 11.02.2020) മറുവടി ലഭ്യമാകിയിട്ടില്ല. അതായത് 8,122/- രൂപ ഓഡിറ്റിൽ അംഗീകിക്കുന്നില്ല.

# 1-21 സോഷ്യൽ സെക്യൂരിറ്റി മിഷന് പഞ്ചായത്ത് വിഹിതം നൽകിയത്- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല

സോഷ്യൽ സെക്യൂരിറ്റി മിഷന് പഞ്ചായത്ത് വിഹിതം നൽകിയത്- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ 43/19
ബിൽ നം.28/2019 തി.12.10.2019

പദ്ധതിയുടെ പേര്- കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം.
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഈ പദ്ധതി പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ഗ്രാമ പഞ്ചായത്ത് വിഹിതമായി 2,00000/- (A/C നം 701011400000134) നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ 43/19

ബിൽ നം.28/2019 തി.12.10.2019

പദ്ധതിയുടെ പേര്- കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം.
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഈ പദ്ധതി പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ഗ്രാമ പഞ്ചായത്ത് വിഹിതമായി 2,00000/- (A/C നം 701011400000134) നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

സോഷ്യൽ സെക്യൂരിറ്റി മിഷന് പഞ്ചായത്ത് വിഹിതം നൽകിയത്- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ 43/19
ബിൽ നം.28/2019 തി.12.10.2019

പദ്ധതിയുടെ പേര്- കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം.
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഈ പദ്ധതി പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ഗ്രാമ പഞ്ചായത്ത് വിഹിതമായി 2,00000/- (A/C നം 701011400000134) നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.22/04.02.2020)

# 1-22 തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കുന്നത്- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കുന്നതിനായി KSEB ചെർകള സെക്ഷനിൽ താഴെ പറയുന്ന പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രനമ്പർ | പദ്ധതിയുടെ പേര്/ നമ്പർ | ചെലവ് | ബിൽ | ഡെപോസിറ്റ് | അക്കൗണ്ട് |
|---|---|---|---|---|---|

| | | ുക | നമ്പർ | ചെയ്ത സ്ഥാപനം | നംപർ |
|---|---|---|---|---|---|
| 1 | ചേരൂർ മസ്ജിദ് റോഡ് തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ 34/19 | 50,000 | 19/2018-19 | KSEB ചെർകള സെക്ഷൻ | 67086428155 |
| 2 | മാവിനകട്ടാ ചൂരിപള്ളം തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ 35/19 | 1,48,385 | 30/2018-19 | KSEB ചെർകള സെക്ഷൻ | 67086428155 |
| 3 | കഞ്ഞിക്കാനം-തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ 36/19 | 1,95,962 | 28/2018-19 | KSEB ചെർകള സെക്ഷൻ | 67086428155 |
| 4 | പന്നാലം-പെരുമ്പള കടവ് റോഡ് കോളികടവ് തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ 56/19 | 1,50,000 | 29/2018-19 | KSEB ചെർകള സെക്ഷൻ | 67086428155 |
| 5 | തൈവളപ്പ് -കപ്പണ റോഡിൽ തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ 58/19 | 34,000 | 2/2018-19 | KSEB ചെർകള സെക്ഷൻ | 67086428155 |
| 6 | തൈവളപ്പ് മദീന കോമ്പൗണ്ട് തെരുവ് വിളക്ക് ലൈൻ സ്ഥാപിക്കൽ 57/19 | 23,925 | 1/2018-19 | KSEB ചെർകള സെക്ഷൻ | 67086428155 |

മേൽ പദ്ധതികൾ പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ സെക്രട്ടറിയും, അസി.എഞ്ചിനീയർ കേരള സംസ്ഥാന വൈദ്യുതി ബോർഡും തമ്മിൽ കരാർ ഏർപ്പെട്ടിട്ടില്ല. ഓഡിറ്റ് Requisition നമ്പർ 01/29.01.2020 പ്രകാരം, പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.22/04.02.2020)

# 1-23 വിവിധ സ്ഥലങ്ങളിൽ ബോർവെൽ- പൂർത്തീകരിച്ച വിവരം ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വിവിധ സ്ഥലങ്ങളിൽ ബോർവെൽ - താഴെ പറയുന്ന പ്രകാരം തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ GWA നിക്ഷേപിച്ചിട്ടുണ്ട്.

| ക്രനമ്പർ | പദ്ധതിയുടെ പേര്/ നമ്പർ | ചെലവ് തുക | ബിൽ നമ്പർ | ഡെപോസിറ്റ് ചെയ്ത സ്ഥാപനം | അക്കൗണ്ട് നംപർ |
|---|---|---|---|---|---|
| 1 | കോരിക്കാർമൂല ബോർവെൽ 27/2018-19 | 68,150 | 91/2018-19 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് GWA | 72001140000032 |

| | | | | | |
|---|---|---|---|---|---|
| 2 | ഗാണർമൂല എസ്.ടി കോളനി ബോർവെൽ 29/2018-19 | 77,000 | 93/2018-19 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് GWA | 720011400000032 |
| 3 | ചന്ദ്രപ്പാറ-ബംബ്ലൂ നഗർ ബോർവെൽ 8/2018-19 | 85,700 | 92/2018-19 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് GWA | 720011400000032 |
| 4 | ബേർകാ മസ്ജിദ് ബോർവെൽ 240/2018-19 | 75,650 | 2180075/18-19 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് GWA | 720011400000032 |
| | | 3,06,500 | | | |

മേൽ പദ്ധതികൾ പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ സെക്രട്ടറിയും,ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് GWA മേധാവി തമ്മിൽ കരാർ ഏർപ്പെട്ടിട്ടില്ല. ഓഡിറ്റ് Requisition നമ്പർ 01/29.01.2020 പ്രകാരം, പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.22/04.02.2020)

# 1-24 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്- സംയുക്തമായി പരിശോധന നടത്തി യിട്ടില്ല.

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2018-19 ൽ 21,96,456/ കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമപഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രഎണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല-. കത്താത തെരുവ് വിളക്കുകൾക്ക്കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-25 വെള്ളക്കരം- ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ആകെ 1,85,940/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ പൊതു ടാപ്പുകളുടെ പ്രവർത്തന ക്ഷമത സംബന്ധിച്ച് ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും നാളിതു വരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതുകൊണ്ടു തന്നെ ഉപയോഗിക്കുന്ന ജലത്തിന് തന്നെയാണ് ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പു വരുത്തുക സാധ്യമല്ല. പൊതു ടാപ്പുകളുടെ എണ്ണം, സ്ഥാനം തുടങ്ങിയ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ടാപ്പുകളുടെ എണ്ണം, പ്രവർത്തന ക്ഷമത എന്നീ വിവരങ്ങളുടെ അഭാവത്തിൽ കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിലെ ചെലവിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.
കുടിവെള്ള ടാപ്പുകളുടെ പൂർണമായ വിവര ശേഖരണം നടത്തേണ്ടതും വാട്ടർ അതോറിറ്റി അധികൃതരുമായി

സഹകരിച്ച് ടാപ്പുകളുടെ പ്രവർത്തന ക്ഷമത വിലയിരുത്തി പ്രതിമാസ കുടിവെള്ളക്കരത്തിൽ ക്രമീകരണം നടത്തേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും സംരക്ഷണവുമായി ബന്ധപ്പെട്ട് 30/05/2009 ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1275/2009 നമ്പരായ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പഞ്ചായത്ത് അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.22/04.02.2020)

# 1-26 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിരൂപീകരിച്ചിട്ടില്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധി നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി എത്രയും പെട്ടന്ന് രൂപീകരിക്കേണ്ടതാണ്.

# 1-27 വാഹന പരിപാലനം

ജി.ഒ (എം. എസ് )170 / 07ത .സ്വ .ഭ .വ 30.6.2007പ്രകാരം ഓരോ വാഹനത്തെയും സംബന്ധിച്ച് കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകളും, റെക്കാർഡുകളും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. (KL-14-N-2275,A/C)

1)ലോഗ് ബുക്ക്

2)പെട്രോൾയ ഡീസൽ എന്നിവയുടെ രജിസ്റ്റർ

3) റിപ്പയർ രജിസ്റ്റർ

4)സ്റ്റോക്ക് രജിസ്റ്റർ

5) ഫ്യൂവൽ രജിസ്റ്റർ
6)മൂവ്മെറ്റ് രജിസ്റ്റർ

എന്നാൽ വാഹനത്തെ സംബന്ധിച്ച ലോഗ്ബുക്ക് മാത്രമേ പഞ്ചായത്തിൽ സൂക്ഷിച്ചുണ്ടെങ്കിലു, ഓഡിറ്റ് പരിശോധനയ്ക്ക് ഹാജാകിയിട്ടില്ല. മറ്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാഹനത്തിന്റെ ലോഗ്ബുക്ക്, മൈലേജ് ടെസ്റ്റ് റിപ്പൊർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, ഹാഹനം ഓടിയ ഔദ്യോഗിക യാത്രയുടെ വിവരങ്ങൾ ലോഗ് ബുക്കിൽ ചേർകേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. 2018 -19 വർഷത്തിൽ എകദേശം 70,000/- (25.1.2019 വരെ)രൂപയുടെ ഇന്ധനമാണ് വാങ്ങിയത്. വാഹന പരിപാലനയുമായി ബന്ധപ്പെട്ട് സർക്കുലർ നം.41/2008/ധനം പ്രകാരമുള്ള സർക്കൂലർ പരിപാലിക്കേണ്ടതാണ്. വാഹനം ഹെഡ്ക്വ . ക്വ. നിന്ന അധിക ദൂരം സംചിച്ചാൽ എന്ത് ആവശ്യത്തിൻ എന്നുള്ള ഔദ്യോഗിക യാത്രയുടെ വിവരം ലോഗ് ബുക്കിൽ ചേർക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.22/04.02.2020)

# 1-28 മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

29.01.2018ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 11/2018/തസ്വഭവ പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ സമിതിയാണ് പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് വിവിധ മേഖലകളിൽ തൻവർഷം നടപ്പാക്കിയ

പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ലഭ്യമായ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് ബുക്ക് പരിശോധിച്ചതിൽനിന്നും പദ്ധതികളുടെ മോണിറ്ററിംഗ് സമ്പന്ധിച്ച തീരുമാനങ്ങളൊ ചർച്ചയൊ നടന്നതിന്റെ വിവരങ്ങളില്ല. മേൽ ഉത്തരവ് പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി വരും വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗും നടത്തേണ്ടതാണ്.

# 1-29 ഐ.കെ.എം വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാകിയിട്ടില്ല

പ്രോജക്ട് നമ്പർ 39/19
ബിൽ നം.20/2019 തി.12.10.2018
ചെലവ്. 1,32,975/-

പദ്ധതിയുടെ പേര്- ഐ.കെ.എം വിഹിതം.
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഈ പദ്ധതി പ്രകാരം ഐ.കെ.എം നുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായി 1,32,975/- (A/C നം 57047023512) നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതു വരെ പഞ്ചായത്ത് കരസ്ഥമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം കൈപ്പറ്റുകയും വിനിയോഗിക്കപ്പെടാത്ത തുക തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. (ഒാഡിറ്റ് എൻക്വയറി നം.22/04.02.2020)

# 1-30 ബോർവെൽ നിർമ്മാണം-പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

പ്രൊജക്ട് നം.520/19 – ബോർവെൽ നിർമ്മാണം
ബിൽ നം5/ തി.25.3.2019 – 2,93,150/-
എസ്.സി കോളനികളിൽ മിനി കുടിവെള്ള പദ്ധതികായ് ബോർവെൽ നിർമ്മാണം- ഈ പദ്ധതിക്കായി കേരള സംസ്ഥാന GWD കാസറഗോഡ് സെക്ഷനിൽ 2,93,150/-രൂപ നിക്ഷേപിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് നം.(720011400000032) ചൂരിപള്ളം,കെ.കെ.പുരം,ചീരാളി, എതിർതോട് എന്നി സ്ഥലങ്ങളിലാണ് ബോർവെൽ നിർമ്മാണം നടത്തേണ്ടത്. മേൽ പദ്ധതി പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നവരെ 2,93,150/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-31 ജാഗ്രതാ സമിതി രൂപീകരിണ്ടതാണ്.

ഗ്രാമ പഞ്ചായത്തുകളിൽ Go (MS) N0.31/07/SWD Dt.2007 പ്രകാരം ജാഗ്രതാ സമിതി രൂപീകരിണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ജാഗ്രതാ സമിതി നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ എത്രയും പെട്ടന്ന് ജാഗ്രതാ സമിതി രൂപീകരിണ്ടതാണ്.ഗ്രാമ പഞ്ചായത്ത് തലത്തിൽ അംഗങ്ങൾ, പ്രസിഡന്റിന്റെ, സി .ഐ /എസ്.ഐ ,വനിതാ പഞ്ചായത്ത് മെമ്പർ, ഒരു വനിതാ

ലോയർ, എസ്.സി./എസ്.ടി.വനിതാ സാമൂഹ്യ പ്രതിനിധി ഉൾപൊടെയുള്ള സമിതി രൂപീകരിണ്ടതാണ്.

# 1-32 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിൽ അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ, പാടി സർക്കിൾ

ചെങ്കള ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ ലൈഫ് മിഷൻ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ രണ്ട് പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിൽ അപാകത ഉണ്ടായിട്ടുണ്ട്. 2010-11, 2011-12, 2012-13 വർഷങ്ങളിൽ ഇ.എം.എസ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടുകയും ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റുകയും ചെയ്ത 3 ഗുണഭോക്താക്കൾക്ക് ഈ വർഷം ലൈഫ് മിഷൻ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. ആ വർഷങ്ങളിൽ ഗഡുക്കൾ കൈപ്പറ്റി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളാണിത്. ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ആദ്യഘട്ടം ഇങ്ങനെ വിവിധ ഭവനപദ്ധതികളിൽ തുക ലഭിച്ച് പൂർത്തീകരിക്കാത്തവർക്ക് വേണ്ടിയായിരുന്നു. ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി ഭവനം പൂർത്തീകരിക്കാൻ തെരെഞ്ഞെടുക്കപ്പെടേണ്ടവർ ആയിരുന്നു ഈ ഗുണഭോക്താക്കൾ. ഇവരെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്താത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും, ബന്ധപ്പെട്ട വാർഡ് മെമ്പർ ഉൾപ്പെടുന്ന ഗ്രാമസഭയുടെയും വീഴ്ചയാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

<u>1.സരോജിനി w/o കുമാരൻ, എ.എം.ക്വാർട്ടേഴ്സ്, പാടി, എടനീർ</u>

ശ്രീമതി.സരോജിനി 2010-11 വർഷത്തിൽ ഇ.എം.എസ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവാണ് (രജിസ്റ്റർ വാല്യം-2- പേജ് നം.63). ഇവർക്ക് താഴെപ്പറയുന്ന പ്രകാരം ഇ.എം.എസ് ഭവനപദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ചെക്ക് നമ്പർ/തിയ്യതി | തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| 1 | 59249/10.2.2011 | 37,500 | സ്ഥലം വാങ്ങുന്നതിന് അനുവദിച്ചത് |
| 2 | 16191/28.3.2011 | 22,500 | ആദ്യ ഗഡു |
| 3 | 16469/19.7.2011 | 30,000 | രണ്ടാം ഗഡു |

ഇ.എം.എസ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണത്തിന് ശ്രീമതി.സരോജിനിക്ക് ആകെ അനുവദിച്ചത് 52,500/- രൂപയാണ്. ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

<u>2.ബീഫാത്തിമ, w/o അബ്ദുള്ള ബിൻ മുഹമ്മദ്, പട്ടുവട്ടക്കം, മുട്ടത്തൊടി</u>

ബീഫാത്തിമ 2010-11 വർഷത്തിൽ ഇ.എം.എസ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവാണ്. (രജിസ്റ്റർ വാല്യം-2- പേജ് നം.45)ഇവർക്ക് താഴെപ്പറയുന്ന പ്രകാരം ഇ.എം.എസ് ഭവനപദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ചെക്ക് നമ്പർ/തിയ്യതി | തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| 1 | 58763/15.10.2010 | 37,500 | സ്ഥലം വാങ്ങുന്നതിന് അനുവദിച്ചത് |
| 2 | 58040/12.1.2011 | 22,500 | ആദ്യ ഗഡു |
| 3 | 59253/14.2.2011 | 30,000 | രണ്ടാം ഗഡു |

ഇ.എം.എസ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണത്തിന് ബീഫാത്തിമക്ക് ആകെ അനുവദിച്ചത് 52,500/- രൂപയാണ്. ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

**3.മഞ്ജൂഷ.കെ w/o മുരളി, അനീസ് ക്വാർട്ടേഴ്സ്, ഇന്ദിരാ നഗർ**

മഞ്ജൂഷ.കെ 2012-13 വർഷത്തിൽ ഇ.എം.എസ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവാണ്. (രജിസ്റ്റർ വാല്യം-3- പേജ് നം.59)ഇവർക്ക് താഴെപ്പറയുന്ന പ്രകാരം ഇ.എം.എസ് ഭവനപദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ചെക്ക് നമ്പർ/ തിയ്യതി | തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| 1 | 377933/10.5.2013 | 60,000 | ഭവന നിർമ്മാണം 1&2 ഗഡു അനുവദിച്ചത് |

ഇ.എം.എസ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണത്തിന് ശ്രീമതി.മഞ്ജൂഷ.കെ എന്നവർക്ക് ആകെ അനുവദിച്ചത് 60,000/- രൂപയാണ്. ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഈ ഗുണഭോക്താക്കൾക്ക് തന്നെ താഴെപ്പറയും പ്രകാരം ലൈഫ് മിഷൻ ഭവനപദ്ധതിയിൽ 2018-19 വർഷത്തിൽ തുക നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**1.സരോജിനി w/o കുമാരൻ, എ.എം.ക്വാർട്ടേഴ്സ്, പാടി, എടനീർ**

പ്രൊജക്ട് നമ്പർ-466/19- ലൈഫ് മിഷൻ ഭവനനിർമ്മാണം വാർഡ് 2 മുതൽ 9 വരെ

ബിൽ നം.01/18-19/17.9.2018 – 20,00,000/- രൂപ

ഈ ബിൽ പ്രകാരമുള്ള 20,00,000/- രൂപ 50 ഗുണഭോക്താക്കൾക്ക് 40,000/- രൂപ വീതം നൽകുന്നതിന് ചെലവഴിച്ചു.

| തുക നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം ക്രമ നം. | തുക (രൂപ) | ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|
| 42 | 40,000 | 40515100003919/കേരളാ ഗ്രാമീൺ ബാങ്ക്. |

40,000/- രൂപ നൽകിയതിന് ശേഷം ഈ ഗുണഭോക്താവ് മുമ്പ് ഇ,എം.എസ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടതാണെന്ന് കണ്ടെത്തിയതിനാൽ പിന്നീട് തുക നൽകിയിട്ടില്ല.

**2.ബീഫാത്തിമ, w/o അബ്ദുള്ള ബിൻ മുഹമ്മദ്, പട്ടുവട്ടക്കം, മുട്ടത്തൊടി**

പ്രൊജക്ട് നമ്പർ-468/19- ലൈഫ് മിഷൻ ഭവനനിർമ്മാണം വാർഡ് 1,10 മുതൽ 15 വരെ

വൗച്ചർ നം.21800374/15.9.2018 – 62,80,000/-രൂപ (ലോൺ തുക )

ബിൽ നം.08/18-19/29.11.2018 – 3,60,000/- രൂപ

| തുക നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം ക്രമ നം. | തുക (രൂപ) | ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|
| 33 | 1,60,000 | 40526100005373/കേരളാ ഗ്രാമീൺ ബാങ്ക്. |
| 1 | 40,000 | 40526100005373/കേരളാ ഗ്രാമീൺ ബാങ്ക്. |

2,00,000/- രൂപ നൽകിയതിന് ശേഷം ഈ ഗുണഭോക്താവ് മുമ്പ് ഇ,എം.എസ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടതാണെന്ന് കണ്ടെത്തിയതിനാൽ പിന്നീട് തുക നൽകിയിട്ടില്ല.

3.മഞ്ജുഷ.കെ W/O മുരളി, അനീസ് ക്വാർട്ടേഴ്സ്, ഇന്ദിരാ നഗർ

പ്രൊജക്ട് നമ്പർ-468/19- ലൈഫ് മിഷൻ ഭവനനിർമ്മാണം വാർഡ് 1,10 മുതൽ 15 വരെ

ബിൽ നം.04/18-19/16.10.2018 – 14,00,000/- രൂപ

ബിൽ നം.09/18-19/29.11.2018 – 4,14,494/- രൂപ

| ക്രമ നം. | തുക (രൂപ) | റിമാർക്സ് |
|---|---|---|
| 15 | 60,000 | 40429101006117/കേരളാ ഗ്രാമീൺ ബാങ്ക്. |
| 2 | 94,494 | 40429101006117/കേരളാ ഗ്രാമീൺ ബാങ്ക്. |

1,34,494/- രൂപ നൽകിയതിന് ശേഷം ഈ ഗുണഭോക്താവ് മുമ്പ് ഇ,എം.എസ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടതാണെന്ന് കണ്ടെത്തിയതിനാൽ പിന്നീട് തുക നൽകിയിട്ടില്ല.

മുമ്പ് ഇ.എം.എസ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട് ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഈ ഗുണഭോക്താക്കളെ ലൈഫ് ഭവന പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് പരിഗണിക്കാത്തതിനും, നിലവിൽ ഇവരുടെ ഭവനനിർമ്മാണത്തിന്റെ സ്ഥിതി എന്തെന്ന് വ്യക്തമാക്കണമെന്നും, നിലവിൽ ബാക്കി ഗഡുക്കൾ അനുവദിക്കുന്നത് നിർത്തി വെച്ചതിനാൽ അവർക്ക് ഇതുവരെ അനുവദിച്ച തുക സംബന്ധിച്ച എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത് എന്നീ കാര്യങ്ങൾ വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.13/04.02.2020 നൽകിയതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ മേൽ ബില്ലുകൾ പ്രകാരം ചെലവഴിച്ച തുക ആകെ 1,04,54,494/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-33 വനിതാ തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ ഫർണ്ണിച്ചറും, തൊഴിൽ ഉപകരണങ്ങളും പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ, ചെങ്കള സർക്കിൾ

പ്രൊജക്ട്. നം.67/2019

അടങ്കൽ - 3,04,222/- രൂപ – പ്ലാൻ ജനറൽ

ചെലവ് - 3,04,222/-രൂപ

ബിൽ നം.17/18-19/22.3.2019 – 3,04,222/- രൂപ

ചെങ്കള ഗ്രാമപഞ്ചായത്തിലെ വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിന് തൊഴിൽ ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വാങ്ങാനുള്ളതാണ് ഈ പദ്ധതി. ആർട്ട് കോ, ലിമിറ്റഡ് കേരളയിൽ നിന്നാണ് ഈ പദ്ധതിക്ക് ഫർണ്ണിച്ചർ വാങ്ങിയിട്ടുള്ളത്. ഇൻവോയ്സ് നം.250/05.01.2019 പ്രകാരം 1,04,535/- രൂപയ്ക്ക് സ്റ്റീൽ ടേബിൾ 7 എണ്ണം, സ്റ്റീൽ കാബിനറ്റ് 5 എണ്ണം എന്നിവയും, ഇൻവോയ്സ് നം.263/12.01.2019 പ്രകാരം 1,99,687/- രൂപയ്ക്ക് വർക്ക് ടേബിൾ 4 എണ്ണം, സ്റ്റീൽ കമ്പ്യൂട്ടർ ടേബിൾ 2 എണ്ണം, എസ് ടൈപ്പ് എക്സിക്യൂട്ടീവ് ചെയർ 4 എണ്ണം, കമ്പ്യൂട്ടർ ചെയർ 8 എണ്ണം, ഫൈബർ എക്സിക്യൂട്ടീവ് ചെയർ 50 എണ്ണം

എന്നിവയും വാങ്ങിയിട്ടുണ്ട്. ആകെ 3,04,222/- രൂപ മേൽ ബില്ല് പ്രകാരം ആർട്ട് കോ, ലിമിറ്റഡ് കേരളയുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അക്കൗണ്ട് നം.67099281397/എസ്.ബി.ഐ.

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.ഈ പദ്ധതിക്ക് ടെണ്ടർ വിളിച്ചത്, ലഭിച്ച ടെണ്ടറുകൾ, ടാബുലേഷൻ ഷീറ്റ്, പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരം ലഭിച്ചത് എന്നീ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ആർട്ട് കോ, ലിമിറ്റഡ് കേരള വിതരണം ചെയ്ത തൊഴിൽ ഉപകരണങ്ങളും ഫർണ്ണിച്ചറുകളും സ്റ്റോക്കിൽ എടുത്തത് പരിശോധിക്കാൻ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.ആർട്ട് കോ, ലിമിറ്റഡ് കേരള വിതരണം ചെയ്ത തൊഴിൽ ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.15/04.02.2020 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവഴിച്ച തുക ആകെ 3,04,222/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-34 പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല

ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ, പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.(ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം) ഇതു കൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണ വിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമ പഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമില്ല.എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയ നിരക്കിൽ തന്നെ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു.ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കുശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക.രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടു പോകാനിടയാക്കും.അനധികൃത നിർമ്മാണങ്ങൾ /മാറ്റം വരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ തടയുന്നതിനും കെട്ടിടത്തിൻറെ യഥാർത്ഥ ഘടനയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഈടാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഫീൽഡ് തല പരിശോധനകൾ കൂടുതലായി നടത്തേണ്ടതാണ്.

<u>പുതിയ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം - നികുതി നിർണ്ണയ വിവരശേഖരണ ഫോറം തയ്യാറാക്കുന്നില്ല.</u>

2018-19 വർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ, ഫയലിൽ കെട്ടിട ഉടമ നൽകിയ പെർമ്മിറ്റ്/ക്രമവൽക്കരണ അപേക്ഷ , ഫോം2ൽ വസ്തുനികുതി നിർണ്ണയ റിട്ടേൺ, ഓവർസിയർമാർ സമർപ്പിച്ച റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് നമ്പർ 20/2011,തസ്വഭവ 14.01.2011 പ്രകാരം പഞ്ചായത്തിൽ നിന്നുള്ള ഉദ്യോഗസ്ഥൻ പരിശോധന നടത്തി നികുതി നിർണ്ണയ വിവരശേഖരണഫോറം (ഫോം 6 )തയ്യാറാക്കുന്നില്ല. ടി റിപ്പോർട്ട് ഇല്ലാതെ തന്നെ സഞ്ചയയിൽ നികുതി തുക നിർണ്ണയിച്ച് ഡിമാന്റ് ചെയ്യുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇപ്രകാരം സഞ്ചയയിൽ രേഖപ്പെടുത്തി തയ്യാറാക്കിയ ഫോം 6 മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാർഡിന്റെ

ച്ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് തയ്യാറാക്കിയ ഫോം 6 റിപ്പോർട്ട് ഇല്ലാതെ നികുതി നിർണ്ണയം നടത്തി വരുന്നതിന് വിശദീകരണം ആവശ്യമാണ്.

# 1-35 വസ്തുനികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ 2018-19 ലെ വർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം വസ്തുനികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്

| ഇനം | പിരിച്ചെടുക്കാനുള്ള തുക |
|---|---:|
| തൻവർഷം | 23,97,655 |
| കുടിശ്ശിക | 22,91,767 |
| ആകെ | 46,89,422 |

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ വർഷിക ധനകാര്യ പത്രിക പ്രകാരം 46,89,422/-രൂപ പിരിച്ചെടുക്കാനുണ്ട്. ഈ കണക്കുകൾ പ്രകാരം വസ്തുനികുതി കാര്യക്ഷമമായി പിരിച്ചെടുത്തിട്ടില്ല. വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തതിനും കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243 പ്രകാരം കുടിശ്ശിക തുക നഷ്ടപ്പെടാതിരിക്കാനും സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്. വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.14 തീയ്യതി 04-02-2020)

# 1-36 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേൺസ്, എന്നിവ പരിശോധിച്ചതിൽ കാണുകയുണ്ടായി. വിശദവിവരം ചുവടെകൊടുക്കുന്നു.

1. എൻ.ആർ.എച്ച്.എം(ആരോഗ്യകേരളം) കാസർഗോഡ് സ്ഥാപനത്തിലെ ജീവനക്കാരുടെ 2018-19 ഒന്നും , രണ്ടും അർദ്ധവർഷം
2. ജില്ലാ സ്പോർട്സ് കൗൺസിൽ കാസർഗോഡ് സ്ഥാപനത്തിലെ ജീവനക്കാരുടെ 2018-19 ഒന്നാം അർദ്ധവർഷം
3. കുടുംബശ്രീ ജില്ലാ മിഷൻ കാസർഗോഡ് സ്ഥാപനത്തിലെ ജീവനക്കാരുടെ 2018-19 ഒന്നാം അർദ്ധവർഷം
4. നോർക്ക റൂട്ട് സെൽ സിവിൽ സ്റ്റേഷൻ കാസർഗോഡ് സ്ഥാപനത്തിലെ ജീവനക്കാരുടെ 2018-19 ഒന്നും , രണ്ടും അർദ്ധവർഷം
5. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ, ഡ്രൈവിങ്ങ് സ്കൂളുകൾ, റേഷൻ കടകൾ എന്നിവയിൽ ജോലി ചെയ്യുന്ന ജീവനക്കാർ
6. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ അംഗൺവാടികളിലെ വർക്കർമാർ,ഹെൽപ്പർമാർ,

മേൽ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നമ്പർ. 08-A/03-02-2020 പ്രകാരം വിശദീകരണം ചോദിച്ചതിന് നൽകിയ മറുപടിയിൽ ക്രമ നമ്പർ 1 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രസീത് നമ്പർ.11801010 6395/27-09-2018, 118010110959/20-02-2019 പ്രകാരം അടവാക്കിയിട്ടുണ്ടെന്നും, ക്രമ നമ്പർ 2 ലെ ജീവനക്കാർ 6 മാസത്തോളം കാലം ജോലിയിൽ ഉണ്ടായിരുന്നില്ല എന്ന മറുപടിയാണ് ഹാജരാക്കിയത്. ഈ സ്ഥാപനത്തിന്റെ അർദ്ധവാർഷിക വരുമാന പത്രികകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ക്രമ നമ്പർ 3, 4, 6 ലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമനമ്പർ 4 ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

# 1-37 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധവാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | ബി എസ് എൻ എൽ | 2018-19 ഒന്നും, രണ്ടും അർദ്ധവർഷം |
| 2 | കാനറ ബാങ്ക് ചെർക്കള | 2018-19 ഒന്നും, രണ്ടും അർദ്ധവർഷം |
| 3 | കാസർഗോഡ് താലൂക്ക് പബ്ലിക്ക് സെർവന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 2018-19 ഒന്നാം അർദ്ധവർഷം |
| 4 | സിഗ്നേച്ചർ ഹോണ്ട | 2018-19ഒന്നാം അർദ്ധവർഷം |
| 5 | എയ്സ് മോട്ടോർസ് | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 6 | ഇൻഡസ് മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ് | 2018-19ഒന്നും,രണ്ടും അർദ്ധവർഷം |
| 7 | കെ.വി.ആർ കാർ | 2018-19 ഒന്നാം അർദ്ധവർഷം |
| 8 | ചെങ്കള വനിതാ സർവ്വീസ് കോ-ഓപ്പറേറ്റീസ് സൊസൈറ്റി | 2018-19 ,രണ്ടും അർദ്ധവർഷം |
| 9 | ചെങ്കള സർവ്വീസ് കോ-ഓപ്പറേറ്റീസ് സൊസൈറ്റി | 2018-19 രണ്ടാം അർദ്ധവർഷം |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ആയത് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.12/03-02-2020)

# 1-38 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്. മൊബൈൽ ടവറുകളുടെ വസ്തുനികുതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2013-2014 സാമ്പത്തികവർഷം മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന 25 മൊബൈൽ ടവറുകളിൽ പതിനൊന്നോളം (11) മൊബൈൽ ടവറുകളിൽ നിന്നും 2019 വരെയുള്ള വർഷങ്ങളിൽ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമ/ നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം ( $m^2$) | വസ്തുനികുതി കുടിശ്ശികയുള്ള വർഷങ്ങൾ | ഈടാക്കേണ്ട വസ്തുനികുതി കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | ടെലികോം ഇന്ത്യ ലിമിറ്റഡ് മുട്ടത്തോട് | II/513 -A | 11.34m2 | 2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം | 2412<br>2411 |
| 2 | ജനറൽ മാനേജർ ടെലികോം, ബി എസ് എൻ എൽ,കാസർഗോഡ് | II/581-A | 40.m2 | 2017രണ്ടാം അർദ്ധവർഷം<br>2018ഒന്നാം അർദ്ധവർഷം<br>2018രണ്ടാം അർദ്ധവർഷം<br>2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം | 7560<br>7560<br>7560<br>7560<br>7560 |
| 3 | ജനറൽ മാനേജർ ടെലികോം, ബി എസ് എൻ എൽ,കണ്ണൂർ | III/189 | 25.m2 | 2017രണ്ടാം അർദ്ധവർഷം<br>2018ഒന്നാം അർദ്ധവർഷം<br>2018രണ്ടാം അർദ്ധവർഷം<br>2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം | 5315<br>5317<br>5315<br>5317<br>5315 |

| | | | | | |
|---|---|---|---|---|---|
| 4 | M/s റിയലൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | III/277 | 20m2 | 2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം | 5014<br>5197 |
| 5 | റിലയൻസ് ഇൻഫ്രാടെക്ക് ലിമിറ്റഡ് | VII/325 | 20m2 | 2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം | 3598<br>3780 |
| 6 | റിലയൻസ് ഇൻഫോ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | XV/766 | 20m2 | 2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം | 4973<br>5197 |
| 7 | ജനറൽ മാനേജർ<br>ടെലികോം,<br>ബി എസ് എൻ എൽ,കണ്ണൂർ | XVI/576 | 40.m2 | 2017രണ്ടാം അർദ്ധവർഷം<br>2018ഒന്നാം അർദ്ധവർഷം<br>2018രണ്ടാം അർദ്ധവർഷം<br>2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം | 8505<br>8505<br>8505<br>8505<br>8505 |
| 8 | റിലയൻസ് ടെലികോം ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ് | XIX/443 | 50.m2 | 2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം | 14175<br>14175 |
| 9 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | XXI/693 | 60.m2 | 2018ഒന്നാം അർദ്ധവർഷം<br>2018രണ്ടാം അർദ്ധവർഷം<br>2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം | 14175<br>14175<br>14175<br>14175 |
| 10 | ചെന്നൈ നെറ്റ് വർക്ക് ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ് | XXIII/64 | 20m2 | 2018ഒന്നാം അർദ്ധവർഷം | 4095<br>4725 |

| | | | | | |
|---|---|---|---|---|---|
| | | | | 2018രണ്ടാം അർദ്ധവർഷം<br>2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം | 4725<br>4725 |
| 11 | M/s ഭാരതി എയർടെൽ ലിമിറ്റഡ് | XXIII/100 | 10m2 | 2013 ഒന്നാം അർദ്ധവർഷം<br>2013രണ്ടാം അർദ്ധവർഷം<br>2014 ഒന്നാം അർദ്ധവർഷം<br>2014രണ്ടാം അർദ്ധവർഷം<br>2015 ഒന്നാം അർദ്ധവർഷം<br>2015 രണ്ടാം അർദ്ധവർഷം<br>2016ഒന്നാം അർദ്ധവർഷം<br>2016രണ്ടാം അർദ്ധവർഷം<br>2017ഒന്നാം അർദ്ധവർഷം<br>2017രണ്ടാം അർദ്ധവർഷം<br>2018ഒന്നാം അർദ്ധവർഷം<br>2018രണ്ടാം അർദ്ധവർഷം<br>2019ഒന്നാം അർദ്ധവർഷം<br>2019രണ്ടാം അർദ്ധവർഷം | 2127<br>2126<br>2127<br>2126<br>2127<br>2126<br>2127<br>2126<br>2127<br>2126<br>2127<br>2126<br>2127<br>2126 |

മേൽ കാണിച്ച മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കാത്തതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ. 09/03-02-2020 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ

കാണിച്ച മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

## 1-39 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില്പനയിലൂടെ ലഭിക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2018-19 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 10 പൊതു മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയായ് 58,154/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ഇത് കൂടാതെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും ലഭ്യമാക്കേണ്ടതാണ്.

## 1-40 എർമാളം അങ്കണവാടി പുനരുദ്ധാരണ പ്രവൃത്തി - അധികം തുക ചെലവഴിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | | |
|---|---|---|
| പ്രൊജക്ട് നം. | S O 325/19 (എർമാളം അങ്കണവാടിക്ക് ഷീറ്റിടൽ, മെയിന്റനൻസ്) | |
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | |
| എസ്റ്റിമേറ്റ് | 2,00,000/- | |
| എം. ബുക്ക് നം. | 785/17-18 | |
| ആകെ അളവ് മൂല്യം | ₹ 1,97,458/- | |
| കൺവീനർ | ശ്രീമതി.വിമല. ബി. | |
| എഗ്രിമെന്റ് നമ്പർ | AE/LSGD/CH/5/17-18 തീയതി 17.11.2017 | |
| കൺവീനർക്ക് നൽകിയ തുക | ₹ 1,93,509/- | ട്രഷറി ബിൽ നം 06/18-19തീ. 31.07.2018 (ബിൽ തുക ₹ 1,99,433/-) |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 38) പ്രകാരം ആകെ അളവ് മൂല്യം 1,97,458/- രൂപയാണ്. അന്തിമ ബിൽ പ്രകാരം പ്രവൃത്തിയുടെ കൺവീനർക്ക് ചുവടെ പറയും പ്രകാരം 1,93,509/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---:|
| ആകെ അളവ് മൂല്യം | 1,97,458/- |
| (+) KCWWF 1% | 1,975/- |
| ആകെ (ബിൽ തുക) | 1,99,433/- |
| (-) ആദായ നികുതി 2% | 3,949/- |
| (-) KCWWF 1% | 1,975/- |
| കൺവീനർക്ക് നൽകിയ തുക | 1,93,509/- |

ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ് ഈ നടപ്പാക്കിയത്. പ്രൈസ് സോഫ്റ്റ്വെയർ മുഖേനയാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയരിക്കുന്നത് (EST NO: 2017/116916). എസ്റ്റിമേറ്റിലെ എല്ലായിനം പ്രവൃത്തിക്കും 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ (പി) 30/2016/ഫിൻ തീയതി 29.02.2016 പ്രകാരം ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുമ്പോൾ നികുതികൾ ഗുണഭോക്തൃ കമ്മിറ്റികൾതന്നെ വഹിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ അന്തിമ ബില്ല് പ്രകാരം കൺവീനർക്ക് തുക അനുവദിച്ചപ്പോൾ ആകെ അളവ് മൂല്യത്തിന്റെ കൂടെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൂടി ചേർത്താണ് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചത്. പ്രവൃത്തിയുടെ കൺവീനർക്ക് യഥാർത്ഥത്തിൽ അനുവദിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ് വേണ്ടത്.

| | |
|---|---:|
| ആകെ അളവ് മൂല്യം | 1,97,458/- |
| (-) ആദായ നികുതി 2% | 3,949/- |
| (-) KCWWF 1% | 1,975/- |
| കൺവീനർക്ക് നൽകേണ്ട തുക | 1,91,534/- |
| കൺവീനർക്ക് നൽകിയ തുക | 1,93,509/- |

പ്രവൃത്തിയുടെ ആകെ അളവ് മൂല്യം 1,97,458/- രൂപ ആയതിനാൽ ഇത്രയും രൂപയ്ക്കുള്ള ബില്ലാണ് ട്രഷറിയിൽ സമർപ്പിക്കേണ്ടയിരുന്നത്. എന്നാൽ 1,99,433/-രൂപ ട്രഷറിയിൽനിന്നും പ്രവൃത്തിക്കായ് പിൻവലിച്ചത് ക്രമപ്രകാരമല്ല. പ്രവൃത്തിക്കായ് 1,975/-രൂപ അധികം ചെലവഴിച്ചത് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപെടുത്തിയതിനെതുടർന്ന് രശീതി നം 119010110337 തീയതി 05.02.2020 പ്രകാരം ഗ്രാമപഞ്ചായത്തിൽ 1,975/-രൂപ ഒടുക്കിയിട്ടുണ്ട്.

# 1-41 ചെർക്കള പൊടിപ്പള്ളം-എരിയപ്പാടി റോഡ് പ്രവൃത്തി- കുറഞ്ഞ നിരക്കിൽ ആദായനികുതി ഈടാക്കി.

<u>നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി.</u>

ചെർക്കള പൊടിപ്പള്ളം-എരിയപ്പാടി റോഡ് പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും കുറഞ്ഞ നിരക്കിൽ ആദായനികുതി ഈടാക്കിയതിനാൽ 32,605/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സമ്പന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ. 448/19 ( ചെർക്കള പൊടിപ്പള്ളം-എരിയപ്പാടി റോഡ്) |
| അടങ്കൽ | ₹ 50,00,000/- (നബാർഡ് വിഹിതം) |
| എസ്റ്റിമേറ്റ് | ₹ 49,50,000/- |
| [illegible] | [illegible] |

| | | | | |
|---|---|---|---|---|
| എം. ബുക്ക് നം. | 714/17-18, 658/17-18, 717/17-18 | | | |
| ആകെ അളവ് മൂല്യം | ₹ 32,60,508 | | | |
| കരാറുകരാൻ | അസ്മാസ് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കോലാച്ചിയടുക്കം. | | | |
| ടെണ്ടർ തുക | ₹ 35,95,211/- | | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | ചെക്ക്/വൗച്ചർനം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക | ഈടാക്കിയനികുതി |
| | ചെക്ക് നം 2336438 തീ: 02.03.2019 (വൗച്ചർനം81/18-19 തീ: 06.03.2019) | ₹ 1,62,729/- | ₹ 1,30,124/- | KCWWF ₹ 32,605/- |
| | ചെക്ക് നം 2336439 തീ: 02.03.2019 | ₹ 32,605/- | -- | ആദായനികുതി ₹ 32,605/- |
| | ചെക്ക് നം 2336441 തീ: 02.03.2019 | ₹ 1,30,420/- | -- | VAT ₹ 1,30,420/- |
| | ചെക്ക് നം 1983966 തീ: 30.03.2019 | ₹ 3,25,754/- | ₹ 3,25,754/- | |
| | (വൗച്ചർനം66/19-20 തീ: 18.07.2019) | ₹ 26,09,000/- | ₹ 26,09,000/- | |
| | ആകെ | ₹ 32,60,508/- | ₹ 30,64,878/- | ₹ 1,95,630/- |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (നം 717/17-18, പേജ് 2) പ്രകാരം ആകെ അളവ് മൂല്യം 32,60,508/- രൂപയാണ്. കരാറുകാരന് ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, മൂല്യവർധിത നികുതി (VAT) എന്നിവ കിഴിച്ച് ചുവടെ ചേർക്കും പ്രകാരം 3,45,215/- രൂപ നൽകിയിട്ടുണ്ട് .

| | |
|---|---|
| ആകെ അളവ് മൂല്യം | 32,60,508- |
| (-) മൂല്യവർധിത നികുതി (VAT) 4% | 1,30,420/- |
| (-) ആദായ നികുതി 1% | 32,605/- |
| (-) KCWWF 1% | 32,605/- |
| കരാറുകാരന് നൽകിയ തുക | 30,64,878/- |

കേന്ദ്ര ആദായ നികുതി നിയമം സെക്ഷൻ 194 cപ്രകാരം 01.04.2010 മുതൽ കോൺട്രാക്ട് പ്രവൃതതി/ വ്യക്തി എന്നിവർക്ക് കൾക്ക് ബീാധകമീയ നികുതിനിരക്ക് ഹിന്ദുകടമ്പം 1%, മറ്റുള്ളവർക്ക് 2% എന്നിങ്ങനെയാണ്. ചെർക്കള പൊടിപ്പള്ളം-എരിയപ്പാടി റോഡ് പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തത് അസ്മാസ് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ്. പ്രവൃത്തിയുടെ ബില്ലിൽ നിന്നും 1% നിരക്കിൽ ആദായ നികുതി ഈടാക്കിയാണ് മേൽ സ്ഥാപനത്തിന് തുക അനുവദിച്ചത്. മേൽ നിയമ പ്രകാരം അസ്മാസ് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ആദായ നികുതി 2% നിരക്കിലാണ്. ആദായ നികുതി ഈടാക്കിയതിൽ 32,605/- രൂപ കുറവുവന്നത് ഓഡിറ്റ് എൻക്വയറി നമ്പർ 21 തീയതി 04.02.2020 പ്രകാരം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപെടുത്തിയതിനെതുടർന്ന് രശീതി നം 119010500281 തീയതി

05.02.2020 പ്രകാരം അസ്സാസ് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ഗ്രാമപഞ്ചായത്തിൽ 32,605/-രൂപ ഒടുക്കിയിട്ടുണ്ട്. ഈ തുക ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

# 1-42 ടാറിന്റെ സ്റ്റോക്ക് രജിസറ്റർ സൂക്ഷിച്ചിട്ടില്ല- മുഴുവൻ ടാറും വിതരണം ചെയ്തിട്ടില്ല

2016-17 സാമ്പത്തിക വർഷാവസാനം ഗ്രാമപഞ്ചായത്ത് റോഡ് ടാറിംഗ്, റീടാറിഗ് പ്രവൃത്തികൾക്കായി ടാറും, എമൽഷനും വാങ്ങി ഗുണഭോക്തൃകമ്മിറ്റിയുടെ കൺവീനർമാർക്ക്/കരാറുകാർക്ക് നല്കിയിരുന്നു. എന്നാൽ ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. എണ്ണ കമ്പനികളിൽ നിന്നും വാങ്ങിയ ടാറിന്റെയും എമൽഷന്റെയും അളവ് വിവരവും അവ വിവിധ പ്രവൃത്തികൾക്കായി കൺവീനർമാർക്ക്/ കരാറുകാർക്ക് വിതരണം ചെയ്തതിന്റെ വിവരവും രേഖപ്പെടുത്താത്തതിനാൽ റോഡ് പ്രവൃത്തികളുടെ അന്തിമ ബില്ലുകളിൽ നിന്നും ടാറിന്റെയും എമൽഷന്റെയും വില തിരികെ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷാവസാനം ഗ്രാമപഞ്ചായത്ത് വാങ്ങിയതിൽ 2 ബാരൽ ടാർ വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഹാളിന്റെ മുറ്റത്ത് കിടക്കുകയാണ്. ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതാത്തതും ആവശ്യത്തിലധികം ടാർ വാങ്ങിയതും ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ടാറും, എമൽഷനും വാങ്ങി നല്കിയ മുഴുവൻ റോഡ് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും ടാറിന്റെയും എമൽഷന്റെയും വില തിരികെ ഈടാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-43 റോഡ് കണക്ടിവിറ്റി ഭുപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

# 1-44 വാർഡ് അടിസ്ഥാനത്തിൽ മരാമത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുന്നു-മരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം നിർവ്വഹണത്തെയും നടപടിക്രമങ്ങളെയും ബാധിക്കുന്നു.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ നിർവ്വഹണദ്യോഗസ്ഥന്മാരായ അസിസ്റ്റന്റ് എഞ്ചിനിയർ, സെക്രട്ടറി എന്നിവർക്ക് ആകെ 284 മരാമത്ത് പ്രൊജക്ടുകളാണ് നിർവഹിക്കാനുണ്ടായിരുന്നത്. ഇതിൽ 148 പദ്ധതികളാണ് തൻവർഷം അസിസ്റ്റൻറ് എഞ്ചിനയർ/സെക്രട്ടറി നിർവ്വഹണം നടത്തിയത്.

ഓഡിറ്റ് വർഷം (ക്യാഷ് ബുക്കിലെ വിവരം പ്രകാരം) അസിസ്റ്റൻറ് എഞ്ചിനിയർ, സെക്രട്ടറി എന്നിവർ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| മാസം | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം |
|---|---|
| 4/2018 | 0 |
| 5/2018 | 0 |
| 6/2018 | 0 |
| 7/2018 | 14 |
| 8/2018 | 0 |
| 9/2018 | 4 |
| 10/2018 | 6 |
| 11/2018 | 9 |
| 12/2018 | 24 |
| 1/2019 | 2 |
| 2/2019 | 9 |
| 3/2019* | 80 |
| ആകെ | 148 |

*3/2019 ൽ പൂർത്തീകരിച്ച 69 മരാമത്ത് പ്രവൃത്തികളുടെ 'ക്യൂ' ബില്ലുകൾ കൂടി പരിഗണിച്ചാൽ മാർച്ച് മാസത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം 149 ആകും.

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റൻറ് എഞ്ചിനിയറുടെ കാര്യാലയത്തിലെ 2018-19 വർഷത്തെ ജീവനക്കാരുടെ വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനിയർ | 1 | 16.01.2019 മുതൽ കരാർ വ്യവസ്ഥയിൽ നിയമിച്ച അസിസ്റ്റന്റ് എഞ്ചിനിയറാണുള്ളത്. |
| 2 | ഓവർസിയർ ഗ്രേഡ്-3 | 2 | |

പരിമിതമായ ജീവനക്കാരെവെച്ചാണ് തൻവർഷം പൊതുമരാമത്ത് മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയത്. പദ്ധതികളുടെ ബാഹുല്യവും ജീവനക്കാരുടെ കുറവും പദ്ധതി നിർവ്വഹണത്തിൽ പല അപാകതകൾക്കും കാരണമായിട്ടുണ്ട്. നടപടിക്രമങ്ങളിലെ ചില വീഴ്ചകൾ ചുവടെ ചേർക്കുന്നു.

പദ്ധതികളിൽ ഭൂരിഭാഗം പൂർത്തീകരിച്ചത് മാർച്ച് മാസത്തിലാണ്. പദ്ധതി നിർവഹണം അവസാന മാസങ്ങളിലേക്ക് നീട്ടി കൊണ്ടു പോയത് പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തൽ ചെക്ക് മെഷർമെൻറ് ചെയ്യൽ എന്നിവയെ സാരമായി ബാധിക്കും. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ തിരക്കിട്ട് നടപ്പാക്കിയതും പ്രവൃത്തികളുടെ കൃത്യമായ വിലയിരുത്തൽ നടത്താതെ അളവ് രേഖപ്പെടുത്തൽ, ചെക്ക് മെഷർമെൻറ് ചെയ്യൽ എന്നിവ നടത്തുന്നതിന് ഇടയാക്കും. സാമ്പത്തിക വർഷവസാനം പദ്ധതികൾ തിരക്കിട്ട് നടപ്പാക്കുന്നത് പ്രവൃത്തികളുടെ ഗുണ നിലവാരത്തെയും ബാധിക്കും. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ തിരക്കിട്ട് നടപ്പാക്കിയതും പ്രവൃത്തികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗിനും തടസ്സമായി. പദ്ധതി നിർവഹണം അവസാന മാസങ്ങളിലേക്ക് നീട്ടി കൊണ്ടു പോയത് സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ സമർപ്പിച്ച 69 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ 'ക്യൂ' ആകാനും ഇടയായി. കൂടാതെ പദ്ധതികളുടെ ബാഹുല്യം മതിയായ സ്ഥല പരിശോധന കൂടാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് ഇടയാക്കും.

2018-2019 വർഷം പുതുതായ് സൃഷ്ടിച്ച ആസ്തികളൊന്നും തന്നെ സചിത്ര സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല. പദ്ധതികളുടെ ബാഹുല്യവും സാമ്പത്തിക വർഷാവസാനം പ്രവൃത്തികൾ കുട്ടത്തോടെ പൂർത്തീകരിച്ചതും ആസ്തികൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിന് തടസ്സമായി. 2018-2019 വർഷം പുതുതായ് സൃഷ്ടിച്ച ആസ്തികളെല്ലാം ആസ്തിരജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

ഓഡിറ്റ് വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ 53 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുണ്ട്. ഇവയിൽ ഭൂരിഭാഗവും 100 മീറ്ററിൽ കുറഞ്ഞ നീളത്തിലാണ് കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ | പദ്ധതി പ്രകാരം കോൺക്രീറ്റ് നടത്തിയ റോഡിൻറെ നീളം |
|---|---|---|---|
| 1 | അടിയാത്തോടി റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് (പ്രൊജക്ട് നം 272/19) | 1.5 ലക്ഷം | 42 മീറ്റർ |
| 2 | അർളടക്ക എസ്.സി കോളനി റോഡ് ഭാഗം കോൺക്രീറ്റ് (പ്രൊജക്ട് നം 217/19) | 2 ലക്ഷം | 56മീറ്റർ |
| 3 | പൈക്ക മിത്തടി റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് (പ്രൊജക്ട് നം 195/19) | 2 ലക്ഷം | 56 മീറ്റർ |
| 4 | എൻ.എച്ച് 17തേർവാനം റോഡ് അവസാനഭാഗം കോൺക്രീറ്റ് (പ്രൊജക്ട് നം 394/19) | 1 ലക്ഷം | 25 മീറ്റർ |
| 5 | പുതിയകോപ്പ മർദളി റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നം 179/19) | 2 ലക്ഷം | 56 മീറ്റർ |
| | | | |

| | | | |
|---|---|---|---|
| 6 | പൈക്ക മാണിമൂല റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നം 200/19) | 2 ലക്ഷം | 55 മീറ്റർ |
| 7 | ടി.എൻ മൂല-കാരന്തമൂല റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നം 180/19) | 2 ലക്ഷം | 55 മീറ്റർ |
| 8 | എളിഞ്ച ആലക്കാൽ കടവിൽ റോഡ് കോൺക്രീറ്റ് (പ്രൊജക്ട് നം 403/19) | 1 ലക്ഷം | 27 മീറ്റർ |

തീരെ ചെറിയ നീളത്തിലുള്ള ഒരു പ്രവൃത്തിക്കുവേണ്ട നടപടിക്രമങ്ങൾ മറ്റ് പ്രവൃത്തികൾക്ക് തുല്യമാണ്. ഇപ്രകാരം ചെറിയ നീളത്തിൽ റോഡ് പ്രവൃത്തി ചെയ്യുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. വളരെ ചെറിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ കരാറുകാർക്കും പ്രയാസമാണ്. ആയതിനാൽ ഇങ്ങനെയുള്ള പ്രവൃത്തികൾക്ക് മത്സരാധിഷ്ഠാനത്തിലുള്ള ടെണ്ടർ ഉണ്ടാകുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി പദ്ധതികളുടെ ആവശ്യകത നിർണ്ണയിച്ച് മുൻഗണനാ ക്രമത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടുകൾ വാർഡ് അടിസാഥനത്തിൽ വിഭജിച്ച് പദ്ധതികൾ തയ്യാറാക്കുന്നതാണ് പദ്ധതികളുടെ ബാഹുല്യത്തിൻറെ പ്രധാന കാരണം. പദ്ധതികൾ തയ്യാറാക്കുന്നത് യഥാർത്ഥ ആവശ്യം പരിഗണിച്ചല്ല, മറിച്ച് ഫണ്ട് ലഭ്യതയടിസ്ഥാമാക്കിയാണ്. ഇതുകാരണം പല റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും പല ചെയ്യേജുകളായ് വിഭജിച്ച് രണ്ടോ മൂന്നോ വർഷങ്ങൾകൊണ്ടാണ് പൂർത്തിയാക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പ്രവണ ഒഴിവാക്കി ഗ്രാമപഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിലാവശ്യണാണ്.

# 1-45 ക്ഷയരോഗികൾക്ക് ഭക്ഷണകിറ്റ് നൽകൽ -അപാകത

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| ട്രഷറി ബിൽ നമ്പർ | ബിൽ നമ്പർ-15/18-19 തീയതി 24.12.2018-RS 15001/-<br>ബിൽ നമ്പർ- 16/18-19 തീയതി 24.12.2018-RS 15001/-<br>ബിൽ നമ്പർ-20/18-19 തീയതി 26.02.2019- RS 15000/-<br>ബിൽ നമ്പർ-21/18-19 തീയതി 26.02.2019- RS 15000/-<br>ബിൽ നമ്പർ-25/18-19 തീയതി 21.03.2019-RS 29998/- |
| പ്രൊജക്ട് നം. | 19/18-19 ക്ഷയരോഗികൾക്ക് ഭക്ഷണകിറ്റ് |
| ഫണ്ട് - | 90000/-രൂപ<br>മെയിന്റനൻസ് ഫണ്ട് റോഡിതരം |

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ ക്ഷയരോഗികൾക്ക് പോഷകാഹാരം പദ്ധതിയുമായി ബന്ധപ്പെട്ട് 2018 ഒക്ടോബർ മുതൽ 2019 മാർച്ച് മാസങ്ങളിലായി 15 രോഗികൾക്ക് വീതം ഭക്ഷണകിറ്റ് വിതരണം ചെയ്യൽ

പദ്ധതി നടപ്പാക്കിയതിലെ പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

1)ഗുണഭോക്താക്കളുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)മേൽ പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ 2018 ഒക്ടോബർ മാസം രോഗികൾക്ക് ഭക്ഷണ കിറ്റു വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ 2018 നവംബർ മുതൽ 2019 മാർച്ച് മാസം വരെ വാങ്ങിയ ഭക്ഷണ കിറ്റുകൾ ഏതൊക്കെ രോഗികൾക്കാണ് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ 10/3.2.2020 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. ആവശ്യപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 90,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-46 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽടപ്പിലാക്കിയ നിർമാണ സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ- അപാകതകൾ-

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പെടുത്തി 2018-19 ൽ ചില റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ ആവശ്യമായ മെറ്റൽ, പൂഴി, സിമന്റ്, മറ്റു സാമഗ്രികൾ എന്നിവ ടെണ്ടർ മുഖേന വാങ്ങുകയും തൊഴിലാളികളെ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ഉപയോഗപ്പെടുത്തിയുമാണ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>(1) തൊഴിലുറപ്പ് പദ്ധതികൾക്കായി സാമഗ്രികൾ വാങ്ങുന്നതിന് സർക്കാർ നിർദേശിച്ച മാർഗരേഖകൾ പാലിക്കാതെ സമാഹരണം നടത്തുന്നു-</u>

തൊഴിലുറപ്പ് പദ്ധതികൾക്കായി സാമഗ്രികൾ വാങ്ങുന്നതിന് ജി.ഒ(എം.എസ്)93/2012/LSGD, തിയതി 31.03.2012 പ്രകാരം സർക്കാർ വിശദമായ മാർഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗരേഖ പ്രകാരം രൂപീകരിക്കേണ്ടിയിരുന്ന പ്രക്വയർമെന്റ് കമ്മിറ്റി, സബ് കമ്മിറ്റി എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. അർദ്ധ വർഷാടിസ്ഥനത്തിലോ മാസാടിസ്ഥാനത്തിലോ പ്രൊക്വയർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. ഓരോ പ്രവൃത്തിക്കും വെവ്വേറെ ടെണ്ടർ വിളിച്ച് പ്രൊക്വയർമെന്റ് നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഇതു കൂടാതെ സാധന സാമഗ്രികൾ സമാഹരിക്കുന്നതിന് ഉത്തരവിൽ ഉള്ള പൊതു നിബന്ധനകളും സാധന സാമഗ്രികളുടെ ഏറ്റുവാങ്ങൽ, വിതരണം, സംഭരണം, മിച്ചം വരുന്ന സാധനങ്ങളുടെ പരിപാലനം എന്നിവ സംബന്ധിച്ച ഉത്തരവിലെ നിബന്ധനകളും പാലിച്ചിട്ടില്ല. കൂടാതെ ഉത്തരവിലെ അനുബന്ധങ്ങളിലുള്ള മാതൃകയിൽ സാമഗ്രികളുടെ ഇന്റന്റ്, സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റു രേഖകൾ എന്നിവയും തയ്യാറാക്കി ഫയലുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

<u>(2) സാധന സാമഗ്രികളുടെ ബില്ലുകൾ ഫയലിൽ ഇല്ല-</u>

മിക്ക പ്രവൃത്തികളിലും ഭീമമായ അളവിൽ 40mm, 20mm,10mm മെറ്റൽ, പൂഴി, സിമന്റ് എന്നിവ ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ സാമഗ്രികളുടെ ബില്ലുകൾ/ഇൻവോയ്സുകൾ ഫയലുകളിൽ ഇല്ല. ക്രമ നം 1 ൽ വിവരിച്ചിരിക്കുന്ന സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെയും സാധനങ്ങൾ കൈപ്പറ്റുന്ന മെയ്റ്റുമാരുടെ കൈപ്പറ്റ് രശീതുകളുടെയും അഭാവത്തിൽ സാമഗ്രികളുടെ ബില്ലുകളുടെയും അഭാവം സാധനങ്ങളും സാമഗ്രികളും കൃത്യമായ അളവിൽ സംഭരിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. ഭീമമായ തുകകൾ സാമഗ്രികളുടെ വിലയായി കരാറുകാരുടെ അക്കൊണ്ടുകളിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ ഈ സാമഗ്രികളുടെ ബില്ലുകൾ വാങ്ങാതിരിക്കുന്നത് ശരിയായ നടപടിയല്ല.

(3) സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല-

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board of Indirect Taxes and customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. പ്രവൃത്തികളുടെയും സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ പേര്, സാങ്കേതികാനുമതി | കരാറുകാരൻ | കരാറുകാരന് നൽകിയ തുക | മെറ്റീരിയൽ ലിസ്റ്റ്, തിയതി | കുറവ് ചെയ്യേണ്ടിയിരുന്ന നികുതി |
|---|---|---|---|---|---|
| 1 | അമയ് തറവാട് അജ്ജികോളനി റോഡ് കോൺക്രീറ്റ്<br>ടി എസ് നം 143/MGNREGA/CHL/2018-19 dt 25-09-2018 | നൗഷദ് സി എ | 2,54,836 | Material List No 1601003 -ML-697 dt 02-02-2019 | 5,097 |
| 2 | പുതുമണ്ണ് ഓൾഡ് കോപ്പ റോഡ് കോൺക്രീറ്റ് ടി എസ് നം188/MGNREGA/CHL/2018-19 dt 16-11-2018 | നൗഷദ് സി എ | 3,15,245 | Mat List No 1601003 -ML-1728 dt 29-03-2019-1,88,845<br>Material List No 1601003 -ML-1728 dt 29-03-2019-1,26,400 | 6,305 |
| 3 | ബാളകണ്ടം റോഡ് സൈഡ് പ്രൊടക്ഷൻ<br>ടി എസ് നം 189/MGNREGA/CHL/2018-19 dt 16-11-2018 | മുഹമ്മദ് ഷാപ്പി എ | 1,86,875 | Material List No 1601003 -ML-736 dt 07-02-2019 | 3,738 |
| 4 | റഹ്മത്ത് നഗർകോളനി ബദ്രിയ ലിങ്ക് റോഡ് ഫോർമേഷൻ<br>ടി എസ് നം 316/MGNREGA/CHL/2018-19 dt 28-12-2018 | അബ്ദുൾ റഹ്മാൻ എം | 1,42,471 | Material List No 1601003 -ML-1370 dt 26-03-2019 | 2,849 |
| 5 | പൈക്ക അങ്കൺവാടി ഗിരി റോഡ് ഫോർമേഷൻ | ഷരീഫ് പി | 1,19,180 | Material List No 1601003 -ML- | 2,383 |

| | | | | | |
|---|---|---|---|---|---|
| | ടി എസ് നം 38/MGNREGA/CHL/2018-19 dt 07-06-2018 | | | 389 dt 26-11-2018 | |
| 6 | കെ കെ കുന്ന് കെ ജി എൻ റോഡ് ഫോർമേഷൻ ടി എസ് നം 33/MGNREGA/CHL/2018-19 dt 14-05-2018 | ബ്രദർസ് ട്രേഡേർസ് | 1,56,096 | Material List No 1601003 -ML-383 dt 21-11-2018 | 3,122 |
| 7 | Construction of cattle shed (Ward 14) ടി എസ് നം 181/MGNREGA/CHL/2018-19 dt 16-11-2018 | മുഹമ്മദ് ഷാപ്പി എ | 1,03,975 | Material List No 1601003 -ML-698 dt 19-01-2019 | 2,079 |
| 8 | കുഞ്ഞികാനം വലിയമുല റോഡ് നിർമ്മാണം ടി എസ് നം 144/MGNREGA/CHL/2018-19 dt 25-09-2019 | ജാൽസൂർ ട്രാൻസ്പോർട്ട് | 2,17,266 | Material List No 1601003 -ML-696 dt 17-12-2018 | 4,345 |
| 9 | അടുക്കം ഒടമ്പല നടപ്പാത നിർമ്മാണം ടി എസ് നം. 66/ MGNREGA/ CHL/2018-19 dt. 07-06-2018 | അബ്ദുൾ റഹ്മാൻ കെ | 89,473 | Material List No 1601003 -ML-172 dt 25-09-2018 (30,000)<br>Material List No 1601003 -ML-166 dt 25-09-2018 (59,473) | 1,789 |

1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര്, സാങ്കേതികാനുമതി | കരാറുകാരൻ | കരാറുകാരന് നൽകിയ തുക | മെറ്റീരിയൽ ലിസ്റ്റ്, തിയതി | കുറവ് ചെയ്യേണ്ടിയിരുന്ന നികുതി |
|---|---|---|---|---|---|
| 1 | അമയ് തറവാട് അജ്ജികോളനി റോഡ് കോൺക്രീറ്റ്<br>ടി എസ് നം 143/MGNREGA/CHL/2018-19 dt 25-09-2018 | നൗഷദ് സി എ | 2,54,836 | Material List No 1601003 -ML-697 dt 02-02-2019 | 2,548 |
| 2 | പുതുമണ്ണ് ഓൾഡ് കോപ്പ റോഡ് കോൺക്രീറ്റ് ടി എസ് നം188/MGNREGA/CHL/2018-19 dt 16-11-2018 | നൗഷദ് സി എ | 3,15,245 | Mat List No 1601003 -ML-1728 dt 29- | 3,152 |

| | | | | | |
|---|---|---|---|---|---|
| | | | | 03-2019-1,88,845 Material List No 1601003 - ML-1728 dt 29-03-2019-1,26,400 | |
| 3 | ബാളകണ്ടം റോഡ് സൈഡ് പ്രൊടക്ഷൻ ടി എസ് നം 189/MGNREGA/CHL/2018-19 dt 16-11-2018 | മുഹമ്മദ് ഷാപ്പി എ | 1,86,875 | Material List No 1601003 - ML-736 dt 07-02-2019 | 1,869 |
| 4 | റഹ്മത്ത് നഗർകോളനി ബദ്രിയ ലിങ്ക് റോഡ് ഫോർമേഷൻ ടി എസ് നം 316/MGNREGA/CHL/2018-19 dt 28-12-2018 | അബ്ദുൾ റഹ്മാൻ എം | 1,42,471 | Material List No 1601003 - ML-1370 dt 26-03-2019 | 1,424 |
| 5 | പൈക്ക അങ്കൺവാടി ഗിരി റോഡ് ഫോർമേഷൻ ടി എസ് നം 38/MGNREGA/CHL/2018-19 dt 07-06-2018 | ഷരീഫ് പി | 1,19,180 | Material List No 1601003 - ML-389 dt 26-11-2018 | 1,191 |
| 6 | കെ കെ കുന്ന് കെ ജി എൻ റോഡ് ഫോർമേഷൻ ടി എസ് നം 33/MGNREGA/CHL/2018-19 dt 14-05-2018 | ബ്രദർസ് ട്രേഡേർസ് | 1,56,096 | Material List No 1601003 - ML-383 dt 21-11-2018 | 1,560 |
| 7 | Construction of cattle shed (Ward 14) ടി എസ് നം 181/MGNREGA/CHL/2018-19 dt 16-11-2018 | മുഹമ്മദ് ഷാപ്പി എ | 1,03,975 | Material List No 1601003 - ML-698 dt 19-01-2019 | 1,039 |
| 8 | കുഞ്ഞികാനം വലിയമുല റോഡ് നിർമ്മാണം ടി എസ് നം 144/MGNREGA/CHL/2018-19 dt 25-09-2019 | ജാൽസൂർ ട്രാൻസ്പോർട്ട് | 2,17,266 | Material List No 1601003 - ML-696 dt 17-12-2018 | 2,172 |
| 9 | അടുക്കം ഒടമ്പല നടപ്പാത നിർമ്മാണം ടി എസ് നം 66/MGNREGA/CHL/2018-19 dt 07-06-2018 | അബ്ദുൾ റഹ്മാൻ കെ | 89,473 | Material List No 1601003 - ML-172 dt 25-09-2018 (30,000) | 894 |

| | | | | | |
|---|---|---|---|---|---|
| | | | | Material List No 1601003 - ML-166 dt 25-09-2018 (59,473) | |

(3) തൊഴിലുറപ്പ് പദ്ധതിയിൽ ഡി.എസ്.ആർ നിരക്കുകളേക്കാൾ അധികം നിരക്ക് അനുവദിക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയിൽ CPWD സ്പെസിഫിക്കേഷനുകളും ഡാറ്റയും പ്രാദേശിക നിരക്കുകളും അലവംബിച്ചാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾ നിർവഹിച്ചിട്ടുള്ളത്. അവിദഗ്ധ തൊഴിലാളികൾക്കുള്ള കൂലി തൊഴിലുറപ്പ് പദ്ധതിയിലെ വേതന നിരക്കായ 271/day ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മറ്റു അർദ്ധ വിദഗ്ധ/വിദഗ്ധ തൊഴിലാളികൾക്ക് പ്രദേശിക മാർക്കറ്റ് നിരക്കുകളും ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ ഇനങ്ങൾക്ക് അനുവദിക്കുന്ന നിരക്കുകൾ ഇതേ ഇനം പ്രവൃത്തികൾക്ക് CPWD സ്പെസിഫിക്കേഷനുകളും ഡാറ്റയും ഡെൽഹി ഷെഡ്യൂൾ നിരക്കുകളും അവലംബിച്ച് പഞ്ചായത്തിൽ ഇതേ കാലയളവിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ അനുവദിച്ചതിനേക്കാൾ അധികം നിരക്കുകൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു.

ഉദാഹരണത്തിന് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങളും അവയുടെ നിരക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | വിശദാംശം | അനുവദിച്ചിട്ടുള്ള നിരക്കുകൾ |
|---|---|---|
| 1 | 4.1.8- cement concrete 1:4:8, 40mm stone | 5098.87/cum |
| 2 | 4.1.3- cement concrete 1:2:4, 20mm stone | 6287.59/cum |

മേൽ നിരക്കുകളിൽ വാട്ടർ ചാർജ്, CPOH, കോസ്റ്റ് ഇന്റക്സ് തുടങ്ങിയ ഇനങ്ങൾ ഇല്ല. കൂടാതെ സാധന സാമഗ്രികളുടെ കടത്തു കൂലിയും ഉൾപ്പെട്ടിട്ടില്ല.

ഇതേ ഇനങ്ങൾക്ക് CPWD സ്പെസിഫിക്കേഷനുകളും ഡാറ്റയും 2016 ലെ ഡെൽഹി ഷെഡ്യൂൾ നിരക്കുകളും അവലംബിച്ച് വാട്ടർ ചാർജ്, CPOH, കോസ്റ്റ് ഇന്റക്സ് എന്നിവ ഒഴിവാക്കി, സാധന സാമഗ്രികളുടെ കടത്തു കൂലി മാത്രം ഉൾപ്പെടുത്തി അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

| ഇനം | വിശദാംശം | അനുവദനീയമായ നിരക്കുകൾ |
|---|---|---|
| 1 | 4.1.8- cement concrete 1:4:8, 40mm stone | 3,855.49/cum |
| 2 | 4.1.3- cement concrete 1:2:4, 20mm stone | 4719.74/cum |

മേൽ താരതമ്യത്തിൽ നിന്നും തൊഴിലുറപ്പ് പദ്ധതിക്ക് അനുവദിച്ചിട്ടുള്ള നിരക്കുകൾ പഞ്ചായത്തിന്റെ മറ്റു പദ്ധതികളിൽ അനുവദിക്കുന്ന നിരക്കുകളേക്കാൾ വളരേ അധികമാണെന്ന് കാണാം. തൊഴിലുറപ്പ്

പദ്ധതിയിൽ അനുവദിക്കുന്ന പ്രാദേശിക മാർക്കറ്റ് നിരക്കുകൾ വളരേ കൂടിയിരിക്കുന്നതാണ് ഇതിനു കാരണം.

DSR 2016 ലെ നിരക്കുകളും അതേ ഇനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന മാർക്കറ്റ് നിരക്കുകളും ചുവടെ താരതമ്യപ്പെടുത്തുന്നു.

| ഇനം | തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ച പ്രാദേശിക നിരക്ക് | DSR 2016 ലെ നിരക്ക് |
|---|---|---|
| 0293- 40mm stone aggregate | 1700/cum | 1250/cum |
| 0295- 20mm stone aggregate | 1800/cum | 1300/cum |
| 0982- Coarse sand zone lll | 2225/cum | 1200/cum |
| 0367- portland cement | 8000/MT | 5700/MT |
| 0155- Mason | 750/day | 467/day |
| 0101- Bhisti | 600/day | 407/day |
| 002- Hire charges of concrete mixer | 2000/day | 800/day |
| 0012- vibrator- needle type 40mm) | 800/day | 350/day |

തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന നിരക്ക് വളരെ അധികം ആണെന്ന് മേൽ താരതമ്യപട്ടികയിൽ നിന്ന് മനസ്സിലാക്കാം.

തൊഴിലുറപ്പ് പദ്ധതിയുടെ SECURE സോഫ്റ്റ്‌വെയ്റിൽ ഏറ്റവും പുതിയ പ്രാദേശിക മാർക്കറ്റ് നിരക്ക് ലഭ്യമായിട്ടുള്ളത് 06.05.2019 മുതൽ 15.05.2019 വരെ ബാധകമായിട്ടുള്ള പ്രാദേശിക മാർക്കറ്റ് നിരക്കാണ്. ഈ കാലയളവിൽ നിലവിലുള്ള ഡെൽഹി ഷെഡ്യൂൾ നിരക്കുകൾ 2018 ലേതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ 06.05.2019 മുതൽ 15.05.2019 വരെ ബാധകമായിട്ടുള്ള പ്രാദേശിക മാർക്കറ്റ് നിരക്കും 2018 ലെ ഡെൽഹി ഷെഡ്യൂൾ നിരക്കും അടിസ്ഥാനമാക്കി പഞ്ചായത്തിൽ നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ ഉപയോഗിച്ച സാമഗ്രികളുടെയും വേതനത്തിന്റെയും വാടകയുടെയും നിരക്കുകൾ ചുവടെ താരതമ്യം ചെയ്യുന്നു.

| ഇനം | തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ച പ്രാദേശിക നിരക്ക് (06.05.2019 മുതൽ 15.05.2019 വരെ) | DSR 2018 ലെ നിരക്ക് |
|---|---|---|
| 0293- 40mm stone aggregate | 1590/cum | 1300/cum |
| 0295- 20mm stone aggregate | 1840/cum | 1350/cum |
| 0982- Coarse sand zone lll | 2606/cum | 1350/cum |
| 0367- portland cement | 8000/MT | 4940/MT |
| 0155- Mason | 750/day | 709/day |
| 0101- Bhisti | 600/day | 617/day |
| 002- Hire charges of concrete mixer | 2000/day | 800/day |
| 0012- vibrator- needle type | 800/day | 350/day |

| 40mm) | | |
|---|---|---|

മേൽ പട്ടികയിൽ നിന്ന് നിലവിലും നിരക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതായി കാണാം. തൊഴിലാളികളുടെ കൂലി മാത്രം ഏകദേശം സമാനത പുലർത്തുന്നുണ്ട്. എന്നാൽ മറ്റെല്ലാ ഇനങ്ങളിലും തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിക്കുന്ന നിരക്ക് ഡി.എസ്.ആർ നിരക്കുകളെക്കാളും വളരെ അധികമാണെന്ന് കാണുന്നു. ഇതു മൂലം ഒരേ കാലയളവിൽ പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി വിഭാഗവും തൊഴിലുറപ്പ് പദ്ധതി വിഭാഗവും നടപ്പിലാക്കുന്ന ഒരേയിനം പ്രവൃത്തികൾക്ക് രണ്ട് വ്യത്യസ്ത നിരക്കുകൾ അനുവദിക്കപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 അങ്കൺവാടികൾക്ക് ചുമർചിത്ര പദ്ധതി-അപാകതകൾ-

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ - 22/2019

അടങ്കൽ - 5,71,280/- രൂപ

ചെലവ് - 5,12,652/- രൂപ

ബില്ല് നമ്പർ-34/18-19/21.3.2019 – 1,00,520/- രൂപ

ബില്ല് നമ്പർ -35/18-19/23.3.2019 – 4,12,132/- രൂപ

ചെങ്കള ഗ്രാമപഞ്ചായത്തിലെ അംഗൻവാടികൾ ബേബി സൗഹൃദം ആക്കി മാറ്റുന്നതിന്റെ ഭാഗമായി 51 അംഗൻവാടികളിലെ ചുമരുകളിൽ കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള ചിത്രങ്ങൾ വരയ്ക്കുന്നതിനാണ് ഈ പദ്ധതി. നാഷണൽ ആർട്സ്, കാസറഗോഡ് എന്ന സ്ഥാപനമാണ് ഈ പദ്ധതിക്ക് വേണ്ടി 51 അംഗൻവാടികളിലെ ചുമരുകളിൽ ചിത്രങ്ങൾ വരയ്ക്കുന്ന പ്രവർത്തി നടത്തിയത്. പ്രവർത്തി പൂർത്തീകരിച്ച് ബില്ല് സമർപ്പിച്ചിട്ടുണ്ട്. ബില്ല് നമ്പർ 385 മുതൽ 394 വരെ തിയ്യതി 22.2.2019, ബില്ല് നമ്പർ 583 മുതൽ 596 വരെ തിയ്യതി 10.3.2019, ബില്ല് നമ്പർ 561 മുതൽ 573 വരെ, തിയ്യതി 20.3.2019 , ആകെ 10052x51 = 5,12,652 രൂപയുടെ ബില്ലുകളാണ് സമർപ്പിച്ചത്. ബില്ല് നമ്പർ-34/18-19/21.3.2019 പ്രകാരം 1,00,520/- രൂപയും, ബില്ല് നമ്പർ -35/18-19/23.3.2019 പ്രകാരം 4,12,132/- രൂപയും ചേർത്ത് ആകെ 5,12,652 രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.59000020701.

ഈ പ്രവർത്തി നടത്തിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1.ഈ പ്രവർത്തി നടത്തുന്നതിന് ടെണ്ടർ വിളിച്ചത്, ലഭിച്ച ടെണ്ടറുകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകരിച്ചത് സംബന്ധമായ രേഖകൾ, വർക്ക് ഓർഡർ നൽകിയത് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ഈ പ്രവർത്തിക്ക് തുക നൽകിയത് ഒരേ സ്ഥാപനത്തിന് രണ്ട് ബില്ലുകളിലൂടെയാണ്, നാഷണൽ ആർട്സ്, കാസറഗോഡ്. രണ്ട് ബില്ലുകളും 1 ലക്ഷം രൂപയ്ക്ക് മുകളിലാണ്. അതിനാൽ 2% ആദായനികുതി ഈടാക്കേണ്ടതാണ്. ആദായനികുതി ഇനത്തിൽ 10,253/- രൂപ ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.03/30.1.2020 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രവർത്തി നടത്തുന്നതിന് ടെണ്ടർ വിളിച്ചത്, ലഭിച്ച ടെണ്ടറുകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകരിച്ചത് സംബന്ധമായ രേഖകൾ, വർക്ക് ഓർഡർ നൽകിയത് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ആദായനികുതി ഇനത്തിൽ 2% തുക , 10,253/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്. മറ്റ് രേഖകൾ ഹാജരാക്കാത്തതിനാൽ ബാക്കി തുക 5,02,399/- ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്റ്റ് നമ്പർ - 22/2019

അടങ്കൽ - 5,71,280/- രൂപ

ചെലവ് - 5,12,652/- രൂപ

ബില്ല് നമ്പർ-34/18-19/21.3.2019 – 1,00,520/- രൂപ

ബില്ല് നമ്പർ -35/18-19/23.3.2019 – 4,12,132/- രൂപ

ചെങ്കള ഗ്രാമപഞ്ചായത്തിലെ അംഗൻവാടികൾ ബേബി സൗഹൃദം ആക്കി മാറ്റുന്നതിന്റെ ഭാഗമായി 51 അംഗൻവാടികളിലെ ചുമരുകളിൽ കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള ചിത്രങ്ങൾ വരയ്ക്കുന്നതിനാണ് ഈ പദ്ധതി. നാഷണൽ ആർട്സ്, കാസറഗോഡ് എന്ന സ്ഥാപനമാണ് ഈ പദ്ധതിക്ക് വേണ്ടി 51 അംഗൻവാടികളിലെ ചുമരുകളിൽ ചിത്രങ്ങൾ വരയ്ക്കുന്ന പ്രവർത്തി നടത്തിയത്. പ്രവർത്തി പൂർത്തീകരിച്ച് ബില്ല് സമർപ്പിച്ചിട്ടുണ്ട്. ബില്ല് നമ്പർ 385 മുതൽ 394 വരെ തിയ്യതി 22.2.2019, ബില്ല് നമ്പർ 583 മുതൽ 596 വരെ തിയ്യതി 10.3.2019, ബില്ല് നമ്പർ 561 മുതൽ 573 വരെ, തിയ്യതി 20.3.2019 , ആകെ 10052x51 = 5,12,652 രൂപയുടെ ബില്ലുകളാണ് സമർപ്പിച്ചത്. ബില്ല് നമ്പർ-34/18-19/21.3.2019 പ്രകാരം 1,00,520/- രൂപയും, ബില്ല് നമ്പർ -35/18-19/23.3.2019 പ്രകാരം 4,12,132/- രൂപയും ചേർത്ത് ആകെ 5,12,652 രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.59000020701.

ഈ പ്രവർത്തി നടത്തിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1.ഈ പ്രവർത്തി നടത്തുന്നതിന് ടെണ്ടർ വിളിച്ചത്, ലഭിച്ച ടെണ്ടറുകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകരിച്ചത് സംബന്ധമായ രേഖകൾ, വർക്ക് ഓർഡർ നൽകിയത് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ഈ പ്രവർത്തിക്ക് തുക നൽകിയത് ഒരേ സ്ഥാപനത്തിന് രണ്ട് ബില്ലുകളിലൂടെയാണ്, നാഷണൽ ആർട്സ്, കാസറഗോഡ്. രണ്ട് ബില്ലുകളും 1 ലക്ഷം രൂപയ്ക്ക് മുകളിലാണ്. അതിനാൽ 2% ആദായനികുതി ഈടാക്കേണ്ടതാണ്. ആദായനികുതി ഇനത്തിൽ 10,253/- രൂപ ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.03/30.1.2020 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. പ്രവർത്തി നടത്തുന്നതിന് ടെണ്ടർ വിളിച്ചത്, ലഭിച്ച ടെണ്ടറുകൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകരിച്ചത് സംബന്ധമായ രേഖകൾ, വർക്ക് ഓർഡർ നൽകിയത് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ആദായനികുതി ഇനത്തിൽ 2% തുക , 10,253/-

രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്. മറ്റ് രേഖകൾ ഹാജരാക്കാത്തതിനാൽ ബാക്കി തുക 5,02,399/- ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-2 കുടിവെള്ള വിതരണം അപാകതകൾ-

പദ്ധതി നം.003/2019

കുടിവെള്ള വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

2018 -19 വർഷം വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ള വിതരണം നടത്തിയ വകയിൽ അബ്ദുള്ള ബി, എന്നവർക്ക് വൌച്ചർ നമ്പർ 21800279/31.07.2018 പ്രകാരം IT കിഴിച്ച് (Rs.2,966/-) 1,45,322/-രൂപ നൽകിയിട്ടുണ്ട്. ക്വട്ടേഷൻ നടപടി പ്രകാരം നിശ്ചയിച്ച ഏറ്റവും കുറഞ്ഞ നിരക്ക് കാണിച്ച് കത്ത് തന്ന അബ്ദുള്ള ബി, ചെർകള എന്നവർക്ക് കിലോമീറ്ററിന് 85/- രൂപ നിരക്കിൽ 10.07.2018 തിയതിയിലെ ഭരണസമിതി യോഗം അംഗീകരിച്ച തീരുമാന പ്രകാരം തുക നൽകിയതാണ്. ഒരു വണ്ടിയിൽ 5000 ലിറ്റർ വീതം കുറഞ്ഞത് 20000 ലിറ്റർ കുടിവെള്ളം ഒരു ദിവസം ടാങ്കർ ലോറിയിൽ വിതരണം ചെയ്തിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. അബ്ദുള്ള ബി എന്നവർ ട്രിപ്പ് ഷീറ്റ് പ്രകാരം രണ്ട് ലോറികളിൽ (KL-14-J-858 Eicher, KL-14 -C-6765 Tempo 407) 16.05.2018 മുതൽ 30.05.2018 വരെ വിവിധ പ്രദേശങ്ങളിലേക്ക് കുടിവെള്ളം വിതരണം നടത്തിയതായി ബന്ധപ്പെട്ട രേഖകളിൽ കാണുന്നു. 16.05.2018 മുതൽ 30.05.2018 വരെയുള്ള കാലയളവിൽ KL-14 J--858 വണ്ടിയിൽ 14 ദിവസവും, KL-14 -C-6765 വണ്ടിയിൽ 14 ദിവസവും കുടിവെള്ളം വിതരണം നടത്തിയിട്ടുണ്ട്. ടെണ്ടർ നിബന്ധനങ്ങൾ പ്രകാരം കരാർ വെച്ചിട്ടുണ്ടെങ്കിലും,കരാർ വ്യവസ്ഥകളൊന്നു മദ്രപത്രത്തിൽ (മുദ്രപത്ര നം1037,1038/17.05.2018) രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ടെണ്ടർ നിബന്ധനങ്ങൾ പാലിച്ചതായി കാണുന്നില്ല. കുടിവെള്ള വിതരണത്തിന്റെ ഫയലുകൾ പരിശോധിച്ചതിൽ കുടിവെള്ള വിതരണത്തിൽ ചുവടെ ചേർത്ത അപാകതകൾ ഉള്ളതായി കാണുന്നു.

1. <u>കുടിവെള്ള വിതരണം നടത്താൻ ഉപയോഗിച്ച വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലു ട്രിപ്പ് ശീറ്റുമായി പുരുത്തപ്പെടുന്നില്ല.</u>

   KL-14-J-858 Eicher, KL-14 -C-6765 Tempo 407 എന്നീ രണ്ടു വാഹനങ്ങളിലായാണ് കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. എന്നാൽ ക്വട്ടേഷൻ നോട്ടീസ്, പഞ്ചായത്തും കരാറുകാരനും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാർ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുടിവെള്ള വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലു ട്രിപ്പ് ശീറ്റുമായി പുരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ചുള്ള വിശദീകരണങ്ങൾ ഒന്നും തന്നെ ഫയലിൽ ഇല്ല. ഉദാഹരണം താഴെ ചേർകുന്നു.

| തിയതി | ജി.പി.എസ്. പ്രകാരം കി.മി KL 14C 6765 | ട്രിപ്പ് ശീറ്റ് പ്രകാരം കി.മി | തുക നൽകിയത് |
|---|---|---|---|
| 16.05.2018 | 1 | 66 | 85 |
| 17.05.2018 | 35 | 64 | 2975 |
| 18.05.2018 | 50 | 64 | 4250 |
| 19.05.2018 | 67 | 64 | 5695 |
| 20.05.2018 | 60 | 64 | 5100 |
| | | | |

| | | | |
|---|---|---|---|
| 21.05.2018 | 655 | 66 | 5525 |
| 22.05.2018 | 95.56 | 64 | 8122.6 |
| 23.05.2018 | 49 | 64 | 4165 |
| 24.05.2018 | 40 | 68 | 3400 |
| 25.05.2018 | 52 | 64 | 4420 |
| 26.05.2018 | 45 | 66 | 3825 |
| 27.05.2018 | 39 | 66 | 3315 |
| 28.05.2018 | 65 | 65 | 5525 |
| 29.05.2018 | 40 | 65 | 3400 |
| 30.05.2018 | 0 | 0 | 0 |
| ആകെ | 703.56 | | 59,802.6 |

| തിയതി | ജി.പി.എസ്. പ്രകാരം കി.മി KL 14 J 858 | ട്രിപ്പ് ശീറ്റ് പ്രകാരം കി.മി | തുക നൽകിയത് |
|---|---|---|---|
| 16.05.2018 | 0 | 0 | 0 |
| 17.05.2018 | 59 | 77 | 5015 |
| 18.05.2018 | 56 | 91 | 4760 |
| 19.05.2018 | 84 | 80 | 7140 |
| 20.05.2018 | 53 | 74 | 4505 |
| 21.05.2018 | 74 | 76 | 6290 |
| 22.05.2018 | 91 | 76 | 7735 |
| 23.05.2018 | 85 | 76 | 7225 |
| 24.05.2018 | 91 | 76 | 7735 |
| 25.05.2018 | 83 | 76 | 7055 |
| 26.05.2018 | 90 | 76 | 7650 |
| 27.05.2018 | 61 | 79 | 5185 |
| 28.05.2018 | 92 | 74 | 7820 |
| 29.05.2018 | 65 | 113 | 5525 |
| 30.05.2018 | 65 | 66 | 4875 |
| അകെ | 1,041 | 1,110 | 88,485 |

2. KL 14-C-6765 വാഹനം ജി.പി.എസ്. പ്രകാരം 22.05.2018 ന് പഞ്ചായത്ത് പരിധി വിട്ട് സഞ്ചരിച്ചതായി കാണാൻ കഴിഞ്ഞു.കർണാടക അതിർത്തി പ്രദേശമായ ബാക്രബൈൽ,സാലത്തൂർ,വിട്ടല,പ്രദേശത്തേക്കും,കുമ്പള പഞ്ചായത്തിൽപ്പെട്ട സ്ഥലത്തേക്കും,അന്നേ ദിവസം ഈ വാഹനം സഞ്ചരിച്ചിട്ടുണ്ട്. Google Map -GPS വിവരങ്ങൾ പ്രാകാരം 50.68 Km കർണടകയിലും, 37.76 km കുമ്പള-സീതാംഗോളിയിലേക്കും പഞ്ചായത്ത് പരിധി വിട്ട് സഞ്ചരിച്ചിട്ടുണ്ട്. ആകെ 50.68+37.76=88.44 Km ദൂരം +7.12 Km തിരികെ HQ ലേക്ക് എത്തിയെതാണ്. അന്നേ ദിവസം കുടിവെള്ള

വിതണം നടത്തിയിട്ടില്ല എന്നത് വ്യക്തമാണ്. വ്യക്തിപരമായ യാത്രയ്ക്ക് നൽകിയ (22.05.2018 ) 8,122/- രൂപ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടിട്ടും (ഓഡിറ്റ് എൻക്വയറി നമ്പർ 11.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ 8,122/- രൂപ ഓഡിറ്റിൽ അംഗീകിക്കുന്നില്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 28-06-2019, 29-06-2019 | കെ എസ് എ/കെ എസ് ഡ് 3/644/2019 തീയതി 03-07-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| (1)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,00,000 | പാലിനു സബ്സിഡി | 0 | 1,00,000 |
| (2)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,97,500 | പച്ചക്കറി വികസനം കൂലിചെലവ് | 2,97,500 | ഇല്ല |
| (3)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 75,000 | പാലിനു സബ്സിഡി | ഇല്ല | 75,000 |
| (4)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 2,00,000 | ഇല്ല |
| (5)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 6,74,271 | പൂർത്തീകരിക്കാത്ത ജനറൽ വീടുകളുടെ പൂർത്തീകരണത്തിന് ധനസഹായം | 2,00,00 | 4,74,271 |
| (6)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3,56,067 | ലൈഫ് മിഷൻ ഭവനം നിർമ്മാണം<br>അംഗൻവാടികളിൽ കുടിവെള്ളം | 3,56,067 | ഇല്ല |
| (7)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 93,000 | ലൈഫ് മിഷൻ ഭവനം നിർമ്മാണം എസ്.ടി | 93,000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| (8)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,50,000 | മാനസിക ശാരീരിവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2,48,330 | 1,670 |
| (9)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 5,00,000 | ചെർക്കള പൊടിപ്പള്ളം -എരിയപ്പാടി റോഡിന് നബാഡ് വിഹിതം | 3,25,754 | 1,74,246 |
| (10)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 30,00,000 | ആധുനിക പൊതു ശ്മശാനം ബഹുവർഷം | ഇല്ല | 30,00,000 |
| (11)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 23,95,086 | ലൈഫ് മിഷൻ ഭവനം നിർമ്മാണം | 23,95,086 | ഇല്ല |
| (12)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 4,09,719 | ലൈഫ് മിഷൻ ഭവനം നിർമ്മാണം | 4,09,719 | ഇല്ല |
| (13)ജില്ലാ പഞ്ചായത്ത് | 2018-19 | 1,00,000 | സമഗ്ര നെൽകൃഷി വികസനം | ഇല്ല | 1,00,000 |
| (14)ജില്ലാ പഞ്ചായത്ത് | 2018-19 | 5,10,000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 5,10,000 | ഇല്ല |
| (15)ജില്ലാ പഞ്ചായത്ത് | 2018-19 | 13,000 | പാലിനു സബ്സിഡി | ഇല്ല | 13,000 |
| (16)ജില്ലാ പഞ്ചായത്ത് | 2018-19 | 2,00,000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 1,90,000 | 10,000 |
| (17)ജില്ലാ പഞ്ചായത്ത് | 2018-19 | 25,49,925 | ലൈഫ് മിഷൻ ഭവനം നിർമ്മാണം | 25,49,925 | ഇല്ല |
| (18)ജില്ലാ പഞ്ചായത്ത് | 2018-19 | 1,77,778 | ലൈഫ് മിഷൻ ഭവനം നിർമ്മാണം എസ്.ടി | 1,77,500 | 278 |
| (19)ജില്ലാ പഞ്ചായത്ത് | 2018-19 | 50,000 | മാനസിക ശാരീരിവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 50,000 | ഇല്ല |
| (20)ജില്ലാ പഞ്ചായത്ത് | 2018-19 | 2,50,000 | പകൽ വീട് നിർമ്മാണം | ഇല്ല | 2,50,000 |
| (21)ജില്ലാ പഞ്ചായത്ത് | 2018-19 | 15,00,000 | താജ്ജഗർ കുഞ്ഞിക്കാനം ലിങ്ക് റോഡ് ഡ്രൈനേജ് | ഇല്ല | 15,00,000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| (22)ജില്ലാ പഞ്ചായത്ത് | 2018-19 | 9,64,705 | ലൈഫ് മിഷൻ ഭവനം നിർമ്മാണം | 9,64,325 | 380 |
| (23)ജില്ലാ പഞ്ചായത്ത് | 2018-19 | 2,73,438 | ലൈഫ് മിഷൻ ഭവനം നിർമ്മാണം എസ്.സി | ഇല്ല | 2,73,438 |
| (24)ജില്ലാ പഞ്ചായത്ത് | 2018-19 | 10,00,435 | ലൈഫ് മിഷൻ ഭവനം നിർമ്മാണം | 10,00,435 | ഇല്ല |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| GWC | Berka Masjid Road Drinking Water Scheme | 60823/ 28-01-2019 | 75,650 | 0 | 75,650 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ രൂപ വരവുണ്ട്. മുൻബാക്കി രൂപയടക്കം രൂപയിൽ രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരം ഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ.(എം.സ്)നം. 565/10/തസ്വഭവ. തീയ്യതി.22-02-2010 | 93,25,000 (സഹകരണ ബാങ്ക് | 5,93,866 | 3,00,000 | | 2,93,866 |

| | | | | | | |
|---|---|---|---|---|---|---|
| | | ചെങ്കള) | | | | |
| ലൈഫ് ഭവന പദ്ധതി(ഹഡ്കോ വായ്പ ) | സ.ഉ.(എം.സ്)നം. 2278/തസ്വഭവ. തീയ്യതി.18-08-2018 | 18,01,925 | 18,00,000 | - | - | 1,925 |
| ലൈഫ് ഭവന പദ്ധതി(ഹഡ്കോ വായ്പ ) | സ.ഉ.(എം.സ്)നം. 2278/തസ്വഭവ. തീയ്യതി.18-08-2018 | 2,13,80,000 | 2,12,73,471 | - | - | 1,06,529 |

.

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 15,93,43,322 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,31,98,674 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,375 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,45,00,595 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|
| | | | |

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 10,253 | കാവ്യശ്രീ ജി , ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-2 | - | 8,122 | എ കെ ജോസ് പ്രകാശ്<br>സെക്രട്ടറി |
| | ആകെ | 18,375 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 10,53,000 | കാവ്യശ്രീ ജി ,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-14 | 5,02,399 | കാവ്യശ്രീ ജി ,<br>സി ഡി എസ് സൂപ്പർവൈസർ |
| 1-15 | 8,98,330 | കാവ്യശ്രീ ജി ,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-16 | 75,000 | കാവ്യശ്രീ ജി ,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-17 | 34,000 | രമേശൻ പി, ഹെഡ്മാസ്റ്റർ,<br>ജി എൽ പി എസ് പിലാംകട്ട |
| 1-18 | 4,79,200 | പ്രകാശ് ജെ ബി, ഹെഡ്മാസ്റ്റർ,<br>ജി എൽ പി എസ് പിലാംകട്ട |
| 1-19 | 3,16,800 | പ്രകാശ് ജെ ബി, ഹെഡ്മാസ്റ്റർ,<br>ജി എൽ പി എസ് പിലാംകട്ട |
| 1-30 | 2,93,150 | അലെക്സാണ്ടർ എം, അസി. സെക്രട്ടറി,<br>ചെങ്കള പഞ്ചായത്ത് |
| 1-32 | 1,04,54,494 | സജിത കുമാരി പി,<br>വി ഇ ഒ പാടി സർക്കിൾ |
| 1-33 | 3,04,222 | അബ്ദുൾ നാസർ,<br>വി ഇ ഒ ചെങ്കള സർക്കിൾ |
| 1-45 | 90,000 | ഷമീന തൻവീർ, മെിക്കൽ ഓഫീസർ,<br>പി എച്ച് സി ചെങ്കള |
| ആകെ | **1,45,00,595** | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

| | |
|---|---|
| 3-1 | 10,253 രൂപ |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

| | |
|---|---|
| ഖണ്ഡിക നമ്പർ | ഇല്ല |

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കാവ്യശ്രീ ജി , ഐ സി ഡി എസ് സൂപ്പർവൈസർ | കാവ്യശ്രീ ജി , ഐ സി ഡി എസ് സൂപ്പർവൈസർ | ലഭ്യമല്ല |
| എ കെ ജോസ് പ്രകാശ് സെക്രട്ടറി | എ കെ ജോസ് പ്രകാശ് സെക്രട്ടറി | ലഭ്യമല്ല |

(ഈ റിപ്പോർട്ടിനുള്ള മറുപടിക്കൊപ്പം കാവ്യശ്രീ ജി , ഐ സി ഡി എസ് സൂപ്പർവൈസർ, എ കെ ജോസ് പ്രകാശ്

സെക്രട്ടറി എന്നിവരുടെ സ്ഥിരം മേൽവിലാസം ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്)

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1986-87 | KSA.KSD. 3/436/2018.dt.11/05/2018 | 2 |
| 1987-88 & 1988-89 | KSA.KSD. 3/436/2018.dt.11/05/2018 | 11 |
| 1989-90 & 1990-91 | KSA.KSD. 3/436/2018.dt.11/05/2018 | 3 |
| 1991-92 & 1992-93 | KSA.KSD. 3/436/2018.dt.11/05/2018 | 4 |
| 1993-94 to 1995-96 | KSA.KSD. 3/436/2018.dt.11/05/2018 | 18 |
| 1996-97 | KSA.KSD. 3/436/2018.dt.11/05/2018 | 6 |
| | | |

| | | |
|---|---|---|
| 1996-97(final) | KSA.KSD. 3/436/2018.dt.11/05/2018 | 8 |
| 1997-98 | KSA.KSD. 3/436/2018.dt.11/05/2018 | 9 |
| 1998-99 | KSA.KSD. 3/436/2018.dt.11/05/2018 | 20 |
| 1999-2000 | KSA.KSD. 3/436/2018.dt.11/05/2018 | 9 |
| 2000-01 | KSA.KSD. 3/436/2018.dt.11/05/2018 | 6 |
| 2001-02 | KSA.KSD. 3/436/2018.dt.11/05/2018 | 6 |
| 2002-03 | KSA.KSD. 3/436/2018.dt.11/05/2018 | 1 |
| 2003-04 | KSA.KSD. 3/436/2018.dt.11/05/2018 | 1 |
| 2004-05 | KSA.KSD. 3/436/2018.dt.11/05/2018 | 11 |
| 2005-06 | KSA.KSD. 3/436/2018.dt.11/05/2018 | 8 |
| 2006-07 | KSA.KSD. 3/436/2018.dt.11/05/2018 | 11 |
| 2007-08 | KSA.KSD. 3/436/2018.dt.11/05/2018 | 12 |
| 2008-09, 09-10, 10-11 | KSA.KSD. 3/436/2018.dt.11/05/2018 | 29 |
| 2012-13, 2013-14 | KSA.KSD. 3/436/2018.dt.11/05/2018 | 20 |
| 2014-15 | KSA.KSD. 3/436/2018.dt.11/05/2018 | 31 |
| 2015-16 | KSA.KSD. 3/436/2018.dt.11/05/2018 | 31 |
| 2016-17 | KSA.KSD. 3/436/2018.dt.11/05/2018 | 15 |
| 2017-18 | KSA.KSD. 9/078/2019.dt.28-01-2019 | 28 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം: കെ.എസ്.എ/കെ.എസ്.ഡി.6/177/2020.


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ: 0499 4256690


തീയതി: 18-03-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(11) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-2 റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Chengala Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 12785623.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 5684482.00 |
| 130000000 | Rental income from Panchayat Properties | RP-3 | 31000.00 |
| 140000000 | Fees & User Charges | RP-4 | 1455899.00 |
| 150000000 | Sale & Hire Charges | RP-5 | 757160.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 75298649.00 |
| 171000000 | Interest Earned | RP-9 | 76161.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 22791488.00 |
| 350000000 | Other Liabilities | RP-36 | 394214.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 44829.00 |
| 330000000 | Secured Loans | RP-32 | 23181925.00 |
| 340000000 | Deposits Received | RP-34 | 42597.00 |
| 350000000 | Other Liabilities | RP-36 | 594932.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 28959986.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | RP-44 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 30000.00 |
| | **Grand total** | | **172128945.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 4246468.00 |
| 220000000 | Administrative Expenses | RP-12 | 970902.00 |
| 230000000 | Operations & Maintenance | RP-13 | 3021986.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6729405.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 59592581.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4883145.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 132975.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 152880.00 |
| 255000000 | Maintenance Projects | RP-20 | 16485443.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 25000.00 |
| 280000000 | Prior Period item | RP-26 | -200179.00 |
| | | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 818428.00 |
| 350000000 | Other Liabilities | RP-36 | 6980147.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 655.00 |
| 330000000 | Secured Loans | RP-32 | 300000.00 |
| 340000000 | Deposits Received | RP-34 | 2220.00 |
| 350000000 | Other Liabilities | RP-36 | 2816633.00 |
| 410000000 | Fixed Assets | RP-38 | 13341235.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 2898750.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 48930271.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **172128945.00** |

# അനുബന്ധം-3 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Chengala Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 15452269.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 31000.00 |
| 140000000 | Fee & User Charges | I-4(b) | 1743394.00 |
| 150000000 | Sale & Hire Charges | I-5(b) | 757160.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 190447933.00 |
| 171000000 | Interest Earned | I-8 | 76161.00 |
| 180000000 | Other Income | I-9 | 44829.00 |
| | **Total Income** | | **208552746.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11469356.00 |
| 220000000 | Administrative Expenses | I-11(b) | 1118686.00 |
| 230000000 | Operations & Maintenance | I-12(b) | 3058626.00 |
| 240000000 | Interest & Finance Charges | I-13 | 655.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme | I-14 | 8004511.00 |

| | | | |
|---|---|---|---|
| | Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 93127170.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5882919.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 132975.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 66731380.00 |
| 255000000 | Maintenance Projects | I-14(e) | 16485443.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 25000.00 |
| 272000000 | Depreciation | I-17(a) | 14207674.00 |
| | **Total Expenditure** | | **220244395.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-11691649.00** |
| 280000000 | Prior Period Item | I-18 | 4298256.05 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-15989905.05** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-4 ബാലൻസ് ഷീറ്റ്

| |
|---|
| Chengala Grama Panchayat<br>BALANCE SHEET |

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 28051016.85 |
| 312000000 | Reserves | B-3 | 56451268.00 |
| | **Total Reserve & Surplus** | | **84502284.85** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17211906.00 |
| | **Total Grants, Contributions for Specific Purposes** | | **17211906.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 23475791.00 |
| | **Total Loans** | | **23475791.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 672015.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1528875.15 |
| | **Total Current Liabilities and Provisions** | | **2200890.15** |
| | TOTAL LIABILITIES | | **127390872.00** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 121271742.00 |
| 411000000 | Accumulated Depreciation | B-11 | -50325463.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **70946279.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4455058.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 293866.00 |
| 450000000 | Cash and Bank Balance | B-17 | 48930271.00 |
| 460000000 | Loans, Advances and Deposits | B-18 | 2200728.00 |
| | **Total Current Assets, Loans and Advances** | | **55879923.00** |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 564670.00 |
| | **Total Other Assets** | | **564670.00** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | TOTAL ASSETS | | **127390872.00** |